കേരള സർക്കാർ

# നവകേരളം കർമപദ്ധതി

# പ്രതിമാസ റിപ്പോർട്ട്

## ജനുവരി 2024

# ഉള്ളടക്കം


**ഹരിത കേരളം മിഷൻ** 6

**ലൈഫ് മിഷൻ** 32

**വിദ്യാകിരണം** 34

**ആർദ്രം മിഷൻ** 39

**മോണിറ്ററിങ് & ഇവാല്യുവേഷൻ** 44

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ (2019 മുതൽ ജനവരി 2024 വരെ)

| പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനവരി | ആകെ |
|---|---|---|---|
| ജലസംരക്ഷണം പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 22490 | 2764 | 25254 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 27354 | 695.6 | 28049 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ (എണ്ണം) | 2825 | 102 | 2927 |
| നിർമ്മിച്ച കുളങ്ങൾ (എണ്ണം) | 4443 | 104 | 4547 |
| റീചാർജ് ചെയ്ത കിണറുകൾ (എണ്ണം) | 7774 | 154 | 7928 |
| നിർമ്മിച്ച കിണറുകൾ (എണ്ണം) | 15208 | 391 | 15599 |
| നിർമ്മിച്ച സ്ഥിര തടയണകൾ (എണ്ണം) | 464 | 13 | 477 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ (എണ്ണം) | 47369 | 3832 | 51201 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | | | 379 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | 136 | 1 | 137 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 209 | 3 | 212 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 237.17 | 43.75 | 280.92 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sqmtr) | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജുകൾ (എണ്ണം) | | | 2 |
| കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച പച്ചത്തുരുക്കളുടെ എണ്ണം | 2902 | 20 | 2922 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 841.28 | 4.43 | 845.71 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | 5 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 1888 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | 242 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 65 |
| ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 77 |
| ഹരിതമാക്കുന്നതിന് വേണ്ടി പരിശോധന നടത്തിയ സ്ഥാപനങ്ങൾ | | | 10011 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | | | 5757 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | | | 35352 |
| നെറ്റ് സീറോ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 92 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2024 ജനുവരി മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 92 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷ സ്ഥമതാ സ്ഥാപനം | 85 |
| മാതൃകാ നെറ്റ് സീറോ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമത സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് repair and maintenance പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ❖ എല്ലാ ജില്ലകളിലും നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പിലാക്കാൻ എറ്റെടുത്തിരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ നടന്നു.
- ❖ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലുള്ള 84 സ്കൂളുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.

- നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനവും അംഗൺജ്യോതി പദ്ധതിയുടെ ഉപകരണ വിതരണവും വിവിധ ജില്ലകളിൽ ഫെബ്രുവരി മാസത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ മില്ലറ്റ് ഗ്രാമം പദ്ധതിയോടനുബന്ധിച്ച് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും, ആമ്പല്ലൂർ കൃഷിഭവനും, നവകേരള മിഷനും സംയുക്തമായി ചെറുധാന്യങ്ങളെ പരിചയപ്പെടുത്തുവാനും, ചെറുധാന്യകൃഷി കൂടുതൽ വ്യാപിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള ചെറുധാന്യ കൃഷി പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂടാതെ വാർഡുതല സംഘാടകസമിതികൾ ചേരുന്നതിനും 100 വീട്ടുമുറ്റക്ലാസ്സുകൾ നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- തിരുവനന്തപുരം ജില്ലയിൽ മില്ലറ്റ് ഗ്രാമം പദ്ധതിയോടനുബന്ധിച്ച് മാണിക്കൽ, പുല്ലമ്പാറ, കാട്ടാക്കട, കൊല്ലയിൽ, പെരുങ്കടവിള ഗ്രാമ പഞ്ചായത്തുകളിൽ ചെറുധാന്യകൃഷി വ്യാപിപ്പിക്കുവാനുള്ള പദ്ധതികൾക്ക് തുടക്കമായി.
- കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, ഏറ്റെടുക്കാവുന്ന പ്രൊജക്റ്റുകളെകുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ശില്പശാല സംഘടിപ്പിച്ചു.
- പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര, ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകളിൽ മില്ലറ്റ് കൃഷിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.
- എറണാകുളം ജില്ലയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഒരുവിള കൃഷി കാർഷിക പദ്ധതി ആരംഭിച്ചു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ കൃഷി കൂട്ടങ്ങൾക്ക് തൈകൾ, ജൈവവളം, ജൈവ കീടനാശിനി, ഡോളോമൈറ്റ്, വേപ്പിൻപിണ്ണാക്ക്, എല്ല് പൊടി, ജൈവകൃഷി ഉൽപാദന ഉപാധികൾ എന്നിവ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കൃഷി കൂട്ടങ്ങൾ വഴി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും ഒരു വിള കൃഷി പ്രോത്സാഹിപ്പിക്കുവാൻ ആണ് പദ്ധതി ലക്ഷ്യം വെക്കുന്നത്.
- തൃശ്ശൂർ ജില്ലയിൽ ഹരിത കേരളം മിഷനും എനർജി മാനേജ്മെന്റ് സെന്ററും കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി "കാലാവസ്ഥ അതിജീവന ശേഷിയും ഊർജ്ജ കാര്യക്ഷമതയും കാർഷിക മേഖലയിൽ" എന്ന വിഷയത്തിൽ ജനുവരി 18ന് തൃശ്ശൂരിൽ ഏകദിന ശിൽപ്പശാല നടത്തി. നെറ്റ് സീറോ കാർബൺ കേരളം - ജനങ്ങളിലൂടെ എന്ന പരിപാടി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡൻറ്, സെക്രട്ടറി എന്നിവരുൾപ്പെടെ 120 പേർ പങ്കെടുത്തിരുന്നു.
- കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയിലും നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുക്കുന്ന കുന്നുമ്മൽ ബ്ലോക്കിലും മില്ലറ്റ് കൃഷിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. മില്ലറ്റ് മിഷനുമായി ചേർന്ന് വടകര നഗരസഭയിൽ ആരംഭിച്ച മില്ലറ്റ് കൃഷി ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു.
- വയനാട് ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ യൂക്കാലി കവലയിൽ ലൈഫിന്റെ 24 വീടുകളിലായി വൈദ്യുതി ഉൽപാധിപ്പിക്കുന്ന വിൻഡ്മിൽ സ്ഥാപിച്ചു.
- മീനങ്ങാടി ഗവൺമെന്റ് ഹയർസെക്കണ്ടി സ്കൂളിന്റെ റൂഫ് ടോപ്പിൽ സോളാർ പാനൽ സ്ഥാപിച്ചു. പാടശേഖര സമിതിക്ക് സോളാർ പമ്പ് വിതരണം ചെയ്തു. സബ്ഹെൽത്ത് സെന്ററിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിച്ചു. അപ്പാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും പുല്ലുമല അങ്കണവാടിയിലും സോളാർ ലൈറ്റ് സ്ഥാപിച്ചു. 2 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു. 5000 മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തു.
- മീനങ്ങാടിയിൽ ഒരേ പ്രദേശത്ത് വിവിധ തരത്തിലുള്ള വിളകൾ പ്രോത്സാഹിപ്പിക്കുന്നതിന് നെൽ കർഷകർക്ക് പയർ വിത്ത് വിതരണം ചെയ്തു. മീനങ്ങാടി ചീരാം കുന്ന് ഹെൽത്ത് സെന്ററിന് സമീപം 30 സെന്റ സ്ഥലത്ത് ഓക്സിജൻ പാർക്ക് എന്ന് പേരിട്ടിട്ടുള്ള വിവിധയിനം മുളകളുടെ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തങ്ങൾ ആരംഭിച്ചു.

- കണ്ണൂർ ജില്ലയിൽ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും, ഹരിതകേരള മിഷന്റെയും നേതൃത്വത്തിൽ ഊർജ്ജ ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട ശില്പശാല സംഘടിപ്പിച്ചു.
- കണ്ണപുരം ഗ്രാമപഞ്ചായത്തിൽ 10 പേരടങ്ങുന്ന കുടുംബശ്രീ ടീമിന് LED ബൾബ് റിപ്പയറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് പരിശീലനം സംഘടിപ്പിക്കുന്നു. ഒരു വാർഡിൽ 5 ഗുണഭോക്താക്കൾക്ക് എന്ന രീതിയിൽ എല്ലാ വാർഡിലും സോളാർ സംവിധാനം EMC മുഖാന്തിരം നൽകും, പഞ്ചായത്തിന്റെ പൊതു ശ്മശാനം, കൃഷിഭവൻ, FHC എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കും, പഞ്ചായത്തിലെ BPL കുടുംബം, അതിദരിദ്രർ എന്നിവർക്ക് LED ബൾബുകൾ നൽകും.
- കണ്ണൂർ ജില്ലയിൽ 6 ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ 3 മാസങ്ങളിലായി 1240 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു. 25363 പേർ ഊർജ്ജ സംരക്ഷണ ക്ലാസുകളിൽ പങ്കെടുത്തു.
- കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ഓർമ്മമരം കാമ്പയിൻ ആവിഷ്കരിച്ചു. ജില്ലയിൽ 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 426 ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് മാസം 5 തദ്ദേശ സ്ഥാപനങ്ങളിൽ കോർകമ്മിറ്റി രൂപീകരിച്ചു. നെറ്റ് സീറോ കാർബൺ നഗരസഭാ തല ശില്പശാല 29/01/2024 ന് നടന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 60 | 358 | 375 | 1262 | 1995 | 11 | 1110 | 11 | 515 | 95 | 1328 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 34 | 108 | 123 | 185 | 416 | 0 | 0 | 4 | 82 | 33 | 174 |

## 2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും (കോഴിക്കോട് ജില്ലയിൽ രണ്ട് ബ്ലോക്കിലും) പെട്ട 94 ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 285 ഗ്രാമപഞ്ചായത്തുകളിൽ, 43 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 103 | 314 | 303 | 494 | 1111 | 7 | 154 | 0 | 0 | 185 | 553 |

### 2.1 ജലബജറ്റ് പ്രവർത്തനപുരോഗതി

ഡിസംബർ മാസത്തിൽ കേരളത്തിലെ 260 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് നിർവഹിക്കുവാൻ തിരഞ്ഞെടുത്തിരുന്നു. ജനുവരി മാസത്തിൽ 25 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജല ബജറ്റ് നിർവ്വഹിക്കുവാൻ താൽപര്യപൂർവ്വം മുന്നോട്ടു വന്നതിനാൽ അത്തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾകൊള്ളിച്ച് റിപ്പോർട്ട് മാസത്തിൽ 285 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട

പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 40 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 379 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്.

❖ ഏറ്റവും കൂടുതൽ ജല ബജറ്റ് പ്രവർത്തനങ്ങൾ കോഴിക്കോട്(67), കാസർഗോഡ്(36), കൊല്ലം(27), കണ്ണൂർ(22), വയനാട്(21) എന്നീ ജില്ലകളിലാണ്. ഇതിൽ കാസർഗോഡ് ജില്ലയും (14) കോഴിക്കോട് ജില്ലയും (12) റിപ്പോർട്ട് അവതരിപ്പിച്ചു കഴിഞ്ഞു. ജല ബജറ്റിന്റെ പ്രധാന ജോലിയായ വിവരശേഖരണം ഏറെക്കുറെ എല്ലാ ജില്ലകളിലും പൂർത്തിയായി. മാർച്ച് മാസത്തിനുള്ളിൽ തന്നെ 285 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.
❖ റിപ്പോർട്ട് മാസത്തിൽ 37 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 246 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു. ജനുവരി മാസത്തിൽ 1 ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. റിപ്പോർട്ട് മാസം വരെ 43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.
❖ കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുൻസിപ്പാലിറ്റിയിലെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം ബഹു.ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ 16/01/2024-ന് നിർവ്വഹിച്ചു.
❖ എറണാകുളം ജില്ലയിൽ ജലബജറ്റ് ആദ്യഘട്ടത്തിൽ പൂർത്തീയായ മുളന്തുരുത്തി ബ്ലോക്കിലെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളെ ലിസ്റ്റ് ചെയ്യുന്നതിനും കിണർ റീച്ചാർജിംഗ് കാമ്പയിൻ, ജലസാക്ഷരത ക്യാമ്പയിനുകൾ എന്നിവ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
❖ പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിലെ ജലബജറ്റ് കണ്ടെത്തലുകൾ നീരുറവ് പദ്ധതിയുമായും മറ്റു വകുപ്പുകളുടെ പദ്ധതിയുമായും സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ജനുവരിയിൽ ജലബജറ്റ് – നീരുറവ് ടെക്നിക്കൽ കമ്മിറ്റി ചേർന്നു. സാങ്കേതിക സമിതിയിൽ ഉയർന്ന് വന്ന അഭിപ്രായങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ആനുവൽ ആക്ഷൻ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.
❖ പാലക്കാട് ജില്ലയിലെ തൃത്താല നിയോജകമണ്ഡലത്തിന്റെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം ഫെബ്രുവരി 3 നു തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിക്കുന്നതാണ്.
❖ കോഴിക്കോട് ജില്ലയിൽ കക്കോടി പഞ്ചായത്തിലെ കൊല്ലേരിത്താഴം തോട് ജലബജറ്റിന്റെ ഭാഗമായി നവീകരിക്കും. ഇതിനായി 10,00,000 രൂപ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.
❖ കോഴിക്കോട് ജില്ലയിൽ ജല ബജറ്റ് തയ്യാറാക്കിയ പെരുമണ്ണയിൽ ജലബജറ്റിന്റെ തുടർച്ചയായി, മാമ്പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഹരിത കേരളം മിഷന്റെ നിർദ്ദേശപ്രകാരം 18 കിലോമീറ്റർ ഉള്ള മാമ്പുഴയെ നിശ്ചിത മീറ്ററിലുള്ള ക്ലസ്റ്ററുകളാക്കി വിഭജിച്ച് പ്രദേശവാസികൾ പുഴ വീണ്ടെടുക്കൽ പ്രവർത്തനം ഏറ്റെടുത്ത് മുന്നോട്ടുപോകുന്നുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഗുരുവായൂരപ്പൻ കോളേജിലെ 100 ഓളം എൻ. എസ്. എസ് വിദ്യാർത്ഥികൾ പെരുമണ്ണയിൽ മാമ്പുഴ ശുചീകരണം നടത്തിയിട്ടുണ്ട്. അതോടൊപ്പം സോഷ്യൽ ഫോറസ്റ്ററിയുടെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പുഴയോരത്തു മുള തൈകൾ വെച്ചു പിടിപ്പിച്ചിട്ടുണ്ട്.
❖ കോഴിക്കോട് ജല ബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയായി ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ സങ്കേതം തോട് വീണ്ടെടുക്കലിന് സമഗ്ര പദ്ധതിയൊരുങ്ങുന്നു. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ വിവിധ വകുപ്പുകളുടെ സംയോജന സാധ്യത കൂടി കണ്ടെത്തിയാണ് പദ്ധതി ഒരുങ്ങുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പി ടി എ റഹീം

എം.എൽ.എയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ സംയുക്ത സന്ദർശനം നടത്തി. മഴക്കാലത്ത് വെള്ളം കയറി കൃഷി ഇറക്കാൻ സാധിക്കാതെ വരികയും തോടിന് സമീപം കാട് വളർന്ന് തോടുകളിലൂടെ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക്ക് ഉൾപ്പെടെ അടിഞ്ഞു കൂടുന്ന അവസ്ഥയാണ് നിലവിലുള്ളത്. പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും പ്രാദേശിക ടൂറിസം സാധ്യതകളായ ഫാം ടൂറിസം ഉൾപ്പെടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

❖ കോഴിക്കോട് ജില്ലയിൽ മാവൂർ ഗ്രാമപഞ്ചായത്ത് ഗ്രാമവനം എക്കോ ടൂറിസം പദ്ധതിക്ക് ഡി. പി. ആർ തയ്യാറാക്കാൻ 50000 രൂപയും, കാവ് സംരക്ഷണത്തിനായി 175000 രൂപയുടേയും പദ്ധതികൾ വകയിരുത്തിയിട്ടുണ്ട്. ഡി. പി. ആർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഹരിതകേരളം മിഷന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമവനം എക്കോ ടൂറിസം കേന്ദ്രം ജല ബജറ്റിന്റെ തുടർപ്രവർത്തനത്തിന്റെ ഭാഗമായി പ്രാദേശിക ടൂറിസം കേന്ദ്രമാക്കാൻ തീരുമാനിച്ചിരുന്നു.

| പുരോഗതി - ജനുവരി | | | |
|---|---|---|---|
| **രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ** | **പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** | **വിവര ശേഖരണം പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** | **റിപ്പോർട്ട് പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** |
| **285** | **263** | **246** | **43** |

### 2.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്.മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

## 3) നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

❖ 296 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹരിത കേരളം മിഷൻ പ്രതേക ഇടപെടലുകൾ നടത്തുന്നുണ്ട്. 12031 പ്രവർത്തനങ്ങൾ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 6794 പ്രവർത്തനങ്ങൾ നിലവിൽ പൂർത്തീകരിച്ചു.

- കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.
- ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 11446 നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്. 28049 കിമീ (മുൻ സർക്കാരിന്റെ കാലയളവിൽ 45736 കിമീ) നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 2927 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 4547 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. 7928 കിണറുകൾ റീർച്ചാർജ്ജ് ചെയ്തുകയും, 15599 കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിച്ചത് പാലക്കാട് ജില്ലയാണ്.
- തിരുവനന്തപുരം, പാലക്കാട്, എറണാകുളം, ജില്ലകളാണ് ഏറ്റവും കൂടുതൽ ദൂരം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
- പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
- കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കൂടുതൽ കിണറുകൾ നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ 2649 കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുണ്ട്.

**നീരുറവ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ (2019 ഏപ്രിൽ മുതൽ 2024 ജനുവരി വരെ)**

| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ എണ്ണം | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം (കിമീ) | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 8 | 71 | 71 | 2101 | 4376 | 526 | 397 | 583 | 2731 |
| കൊല്ലം | 12 | 352 | 86 | 757 | 3419 | 144 | 403 | 616 | 3022 |
| പത്തനംതിട്ട | 23 | 1651 | 21 | 452 | 1183 | 142 | 185 | 489 | 776 |
| ആലപ്പുഴ | 25 | 541 | - | 702 | 987 | 62 | 40 | 189 | 219 |
| കോട്ടയം | 8 | 14 | 14 | 478 | 1041 | 50 | 236 | 402 | 515 |
| ഇടുക്കി | 35 | 1213 | 284 | 829 | 1248 | 167 | 183 | 263 | 270 |
| എറണാകുളം | 34 | 335 | 23 | 1031 | 2405 | 170 | 284 | 802 | 498 |
| തൃശ്ശൂർ | 8 | 3 | 1 | 457 | 1237 | 102 | 110 | 281 | 885 |
| പാലക്കാട് | 58 | 4818 | 4761 | 2521 | 4288 | 600 | 743 | 365 | 1074 |
| മലപ്പുറം | 7 | 103 | 88 | 489 | 1160 | 185 | 373 | 92 | 1835 |
| കോഴിക്കോട് | 24 | 60 | 28 | 238 | 1744 | 196 | 159 | 377 | 939 |
| വയനാട് | 26 | 514 | 445 | 95 | 1465 | 80 | 636 | 74 | 257 |
| കണ്ണൂർ | 23 | 2106 | 794 | 661 | 2134 | 352 | 412 | 2649 | 1372 |
| കാസർകോട് | 5 | 250 | 178 | 635 | 1360 | 151 | 386 | 746 | 1206 |
| ആകെ | 296 | 12031 | 6794 | 11446 | 28049 | 2927 | 4547 | 7928 | 15599 |

- ഇടുക്കി ജില്ലയിൽ നീരുറവ് പദ്ധതിയുമായി ബന്ധപ്പെട്ട് മൂലമറ്റത്ത് കയർ ഭൂവസ്ത്രം വിരിക്കുന്ന ജോലികളും പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ പാലൂർകാവ് തോടിൽ തഴ നടുന്ന ജോലികളും അറക്കുളം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം മയിലിൽ പുതിയ കോണ്ടൂർ ബണ്ടിന്റെ നിർമ്മാണവും പൂർത്തിയായി.
- എറണാകുളം ജില്ലയിൽ നീരുറവ് സാങ്കേതിക സമിതി യോഗങ്ങൾ വാഴക്കുളം ഗ്രാമപഞ്ചായത്തിലും കൊച്ചി കോർപറേഷനിലും ഒൻപതു ഗ്രാമപഞ്ചായത്തുകളിലും നടന്നു.

- കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ സോക്ക് പിറ്റ്/കിണർ റീചാർജിങ് പരിശീലന ശില്പശാല സംഘടിപ്പിച്ചു. ധർമ്മടം മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളാണ് നടത്തുന്നത്. തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നിലവിലുള്ള ജലത്തെ സംരക്ഷിക്കുവാനും സംഭരിക്കുവാനും മാലിന്യമുക്തമാക്കുവാനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്.
- തൃശ്ശൂർ ജില്ലയിൽ ഏകദേശം 113.85 കിലോമീറ്റർ നീളത്തിലുള്ള 66 നീർച്ചാലുകളുടെ പുനരുജ്ജീവനം നടന്നു. 13 കിണർ നിർമ്മാണം, 10 താൽക്കാലിക തടയണ നിർമ്മാണം എന്നീ പ്രവർത്തനങ്ങളും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി നടന്നു.
- ധർമ്മടം മണ്ഡലത്തിൽ നിലവിലുള്ള 32 വാട്ടർ ഷെഡ്ഡിലാണ് ജല സുഭിക്ഷയുടെ ഇടപെടൽ നടത്തുന്നത്. ഓരോ വാട്ടർ ഷെഡ്ഡിൽ നിന്നും ഒരു നീർച്ചാലിനെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുക്കുന്ന നീർച്ചാലിന്റെ മുഴുവൻ ഡാറ്റയും കളക്ട് ചെയ്യുന്നുണ്ട്. നീർച്ചാലുകളിൽ എല്ലാ ജലസംരക്ഷണ മാർഗങ്ങൾ പൂർത്തീകരിക്കുകയും ചെയ്യും. വാട്ടർഷെഡ് പ്രദേശങ്ങളിൽ ജനങ്ങളുടെ ഉപജീവനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വികസനം നടത്തുകയാണ് ചെയ്യുന്നത്.
- ധർമ്മടം മണ്ഡലത്തിൽ 8301 സോക്ക് പിറ്റുകളും, 1405 കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ചിട്ടുണ്ട്. ഇതോടൊപ്പം ജലസംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ചെക്ക് ഡാം, ഫാം പോണ്ടുകൾ, പോണ്ടുകൾ ഇവയെല്ലാം തന്നെ നിർമ്മിച്ചു കൊണ്ട് നീർച്ചാലിനെ സംരക്ഷിച്ചു വെള്ളത്തെ ഭൂമിക്കടിയിൽ തന്നെ ഇറക്കി, ലഭ്യമാവുന്ന വെള്ളത്തെ അവിടെ തന്നെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആലപ്പുഴ ജില്ലയിൽ നീരുറവുമായി ബന്ധപ്പെട്ട് മാവേലിക്കര ബ്ലോക്കിൽ 541 പ്രവൃത്തികൾ കണ്ടെത്തി ഭരണ - സാങ്കേതികാനുമതികൾ ലഭ്യമാക്കിയിട്ടുണ്ട്.
- സംസ്ഥാന ചെറുകിട ജലസേചന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ കണ്ണൂർ മാലൂർ പഞ്ചായത്തിലെ അറയങ്ങാട് പാലത്തിന് സമീപം നിർമ്മിച്ച ഇടുമ്പ തോട് വി സി ബി(VCB) കെ.കെ. ശൈലജ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.
  1. തുക്കടാരിപൊയിൽ പ്രദേശത്തെ കാർഷിക ജലസേചന സൗകര്യം വർധിപ്പിക്കുന്നതിനും ഭൂഗർഭ ജല സംരക്ഷണത്തിനുമായാണ് പദ്ധതി നടപ്പാക്കിയത്. രണ്ടു മീറ്റർ വീതിയുള്ള ആറ് വെന്റുകളിൽ എഫ് ആർ പി ഷട്ടറുകൾ ഉപയോഗിച്ച് 2.3 മീറ്റർ ഉയരത്തിൽ ജലം സംഭരിച്ച് 82 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യമൊരുക്കാൻ കഴിയും.
  2. കൃഷിക്കാർക്ക് സ്വന്തം മോട്ടോറും പമ്പും ഉപയോഗിച്ച് ഇവിടെ നിന്ന് വെള്ളം ശേഖരിക്കാം. വി സി ബിയോട് ചേർന്ന് വലതുകരയിൽ 33.2 മീറ്റർ നീളത്തിലും ഇടതുകരയിൽ 40 മീറ്റർ നീളത്തിലും പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. വെള്ളം സംഭരിച്ച് നിർത്തുന്നതിനാൽ ചുറ്റുമുള്ള സ്ഥലങ്ങളിൽ ഭൂഗർഭ ജലനിരപ്പ് ഉയരുകയും പ്രദേശത്തെ വരൾച്ച കുറക്കുന്നതിന് സഹായകമാകുകയും ചെയ്യും.
- കാസർഗോഡ് ജില്ലയിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കിയ കാഞ്ഞങ്ങാട് ബ്ലോക്കിൽ ജലസുരക്ഷ പ്ലാനുകൾ തയ്യാറാക്കി ബിഎൽടിസി അംഗങ്ങൾ പരിശോധിച്ചു വരുന്നു. എംജിഎൻആർഇജിയുടെ സഹകരണത്തോടെ ജലസുരക്ഷാപ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. നീരുറവിന്റെ ഭാഗമായി 250 പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. അതിൽ ഡിസംബർ മാസം വരെ 134 പ്രവർത്തികളും, ജനുവരി മാസത്തിൽ 44 പ്രവർത്തികളും ചെയ്തു.
- പാലക്കാട് ജില്ലയിൽ 2024 ജനുവരി 9 ന് നീരുറവ് ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി യോഗം നടന്നു. പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ജില്ലാ തല സാങ്കേതിക സമിതിയെ തുടർന്ന് ബ്ലോക്കതല സാങ്കേതിക സമിതി യോഗങ്ങൾ ചേർന്ന് പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

| നീരുറവ് ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 83 | 154 | 291 | 143 | 588 | 1 | 83 | 1 | 55 | 120 | 190 |

## 4) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപ്പിംഗ് "മാപത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ നടപ്പിലാക്കുന്നു. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ, 212 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപ്പിംഗ് ജോലികൾ പൂർത്തിയാക്കാനുള്ളത്. ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം ഏലപ്പാറ, വാഴത്തോപ്പ, കോടികുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാപ്പിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| മാപത്തോൺ | | | | | |
|---|---|---|---|---|---|
| ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | |
| തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം നടത്തി km |
| 230 | 212 | 177 | 64 | 58 | 280.92 |

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ജനുവരി 2024

മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ 7 ജില്ലകളിൽ ഉൾപ്പെട്ട 64 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്.

- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ ജനുവരി മാസം 43.75 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 58 ഗ്രാമപഞ്ചായത്തുകളിലായി 280.92 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കൊല്ലം ജില്ലയിൽ ഏരൂർ, അലയമൺ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. കൊല്ലം ജില്ലയിൽ ജനുവരി മാസം 9.6 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ കൊല്ലം ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകളിലായി 153.9 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പൈങ്ങോട്ടൂർ (7k.m), കടവൂർ മൂഴിതോട് (60m), ചാത്തമറ്റം പൈങ്ങോട്ടൂർ തോട് (60m) എന്നീ പ്രശ്നബാധിത തോടുകൾ പുനരുജ്ജീവനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ മാപ്പത്തോൺ പ്രവർത്തനത്തിനായി തിരഞ്ഞെടുത്തിട്ടുള്ള 51 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 2649 സ്ട്രീമുകളാണ് ഇതുവരെയായി മാപ് ചെയ്തിട്ടുള്ളത്. മാപ്പത്തോൺ രണ്ടാം ഘട്ടം 9 തദ്ദേശസ്ഥാപനങ്ങളിൽ അവതരണം നടത്തി.
- വയനാട് ജില്ലയിലെ 25 തദ്ദേശ സ്ഥാപനത്തിൽ നിന്നും 1271 നീർച്ചാലുകൾ മാപിംങ്ങിൽ അടയാളപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അവതരണം നടത്തുകയും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- **മാപത്തോണിൽ വിദ്യാർത്ഥികളും** - മാനന്തവാടി ഗവ. എഞ്ചിനീയറിംഗ് കോളേജ്, മീനങ്ങാടി ഗവ. പോളിടെക്നിക് കോളേജ്, ബത്തേരി കോ-ഓപ്പറേറ്റീവ് കോളേജ് എന്നിവിടങ്ങളിലെ 65 വിദ്യാർത്ഥികൾ മാപത്തോൺ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.
- കണ്ണൂർ ജില്ലയിൽ മാപിംഗ് പൂർത്തീകരിച്ച 18 ഗ്രാമ പഞ്ചായത്തുകളിലെയും നീർച്ചാലുകൾ പുനരുജീകരിക്കുന്നതിനു വേണ്ടി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 10 ഗ്രാമ പഞ്ചായത്തുകളിൽ മാപത്തോൺ അവതരണം നടത്തി കഴിഞ്ഞു.
- തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി, MGNREGS എന്നിവയുടെ സഹകരണത്തോടെ ഡിജിറ്റൽ മാപിംഗ് പൂർത്തീകരിച്ചു. സാങ്കേതികവിദ്യ ഉപയോഗിച്ച് നീർച്ചാലുകൾ ഡിജിറ്റൽ മാപിൽ അടയാളപ്പെടുത്തിയതിനാൽ പഞ്ചായത്തിലെ എല്ലാ നീർച്ചാലുകളുടേയും സംരക്ഷണം ഉറപ്പ് വരുത്താനും പുനരുദ്ധാരണം നടത്താനും സാധിക്കും.

| മാപ്പത്തോൺ ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 13 | 82 | 68 | 162 | 312 | 0 | 0 | 0 | 0 | 62 | 64 |

## 5) പച്ചത്തുരുത്തുകൾ

| പച്ചത്തുരുത്ത് | ഡിസംബർ മാസം വരെ | ജനുവരി മാസം | ആകെ |
|---|---|---|---|
| എണ്ണം | 2902 | 20 | 2922 |
| വിസ്തൃതി (ഏക്കർ) | 841.17 | 4.43 | 845.71 |

- ജനുവരി മാസം 175 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 32 ഇടങ്ങളിലായി 2351 പുതുതൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 43 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 70 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ ജനുവരി മാസം പുതിയതായി ഓച്ചിറ, കൊറ്റങ്കര എന്നീ ഗ്രാമപഞ്ചായത്തുകളിലായി 2 പച്ചത്തുരുത്തുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ 18 സെന്റ് വിസ്തൃതിയിൽ 4 പുതിയ പച്ചത്തുരുത്തുകൾ ജനുവരി മാസം ആരംഭിച്ചു. 114 തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.

- ❖ സംസ്ഥാനത്തെ ആദ്യത്തെ പച്ചത്തുരുത്ത് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് പി.എച്ച്.സിയിൽ 05.06.2019-ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ആയതു മുതൽ ജില്ലയിൽ ആകെ 453 പച്ചത്തുരുത്തുകൾ 2024 ജനുവരി വരെ സ്ഥാപിച്ചു.
- ❖ തിരുവനന്തപുരം കോർപറേഷനിലെ കഴക്കൂട്ടം Govt ഹയർ സെക്കന്ററി സ്കൂളിൽ 2 സെന്റ് വിസ്തൃതിയിൽ ഒരു പച്ചത്തുരുത്ത് കൂടി ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിലെ ചവറ ഐ.ആർ.ഇയുടെ അധീനതയിൽ ചവറ, പന്മന, ആലപ്പാട് ഗ്രാമപഞ്ചായത്തുകളിൽ മൈനിംഗ് കഴിഞ്ഞ ഏകദേശം 20 ഏക്കർ സ്ഥലത്തു പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായുള്ള പ്രഥമിക നടപടി ആരംഭിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ഖാദി ബോർഡിന്റെ സ്ഥലത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ പറങ്കിമാവിൻ തൈകൾ നട്ട് സംരക്ഷിച്ചു വരുന്നുണ്ട്. അത് പച്ചത്തുരുത്താക്കി മാറ്റുവാൻ തീരുമാനിച്ചു.
- ❖ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്കുമായി സഹകരിച്ച് ബ്ലോക്കിന്റെ പരിധിയിലുള്ള 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി (പുറക്കാട് മുതൽ പുന്നപ്ര വടക്ക് വരെ) 18 കി.മീ. നീളത്തിൽ അനുയോജ്യമായ കണ്ടൽ ശാസ്ത്രീയമായ രീതിയിൽ വച്ചുപിടിപ്പിക്കുകയും 3 വർഷക്കാലം പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണ്ടൽ നടുന്നതിനു സന്നദ്ധത അറിയിച്ചിട്ടുണ്ട്.
- ❖ ചങ്ങനാശ്ശേരി ഗവൺമെന്റ് യു.പി സ്കൂളിനോട് ചേർന്നുള്ള 5 സെന്റ് സ്ഥലത്ത് അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി പ്രകാരം പച്ചത്തുരുത്ത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിലെ പച്ചത്തുരുത്ത്, കാഞ്ഞിരപ്പള്ളി സെന്റ് ഡോമനിക്സ് കോളേജിലെ എൻ.എസ്.എസ് വോളണ്ടിയർമാരുടേയും, പച്ചത്തുരുത്ത് സംരക്ഷണ സമിതിയുടേയും നേതൃത്വത്തിൽ നവീകരണം നടത്തി. തൈകൾ സംരക്ഷിക്കുന്നതിനായി മുളകൊണ്ട് സംരക്ഷണ വേലിയും സ്ഥാപിച്ചു.
- ❖ പാലക്കാട് ജില്ലയിൽ 55 സെന്റ് വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്ത് ആരംഭിച്ചു. തൃത്താല ഗ്രാമപഞ്ചായത്തിലെ ചാത്തന്നൂർ കക്കാട് മനയിൽ 20 സെന്റ് സ്ഥലത്ത് 100 തൈകൾ സ്ഥാപിച്ചു. കൂടാതെ ആലത്തൂർ ബ്ലോക്കിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ മൂച്ചിത്തൊടി ശലഭോദ്യാനത്തിൽ 35 സെന്റ് സ്ഥലത്ത് 55 തൈകൾ വെച്ച് പച്ചത്തുരുത്ത് സ്ഥാപിച്ചു. അവിടെ ജൈവവേലി സ്ഥാപിക്കുകയും സംഘാടകസമിതിയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ തൃത്താല നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന "100 കാവുകൾ പച്ചത്തുരുത്തുകൾ" എന്ന നൂതന ഹരിത പദ്ധതിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് ജനുവരി 27 തിരുമിറ്റക്കോട് കക്കാട് മനയുടെ അങ്കണത്തിൽ നിർവഹിച്ചു.
- ❖ മലപ്പുറം ജില്ലയിൽ "മരക്കൂട്ടം" എന്ന പേരിൽ ബ്ലോക്കിലെ ഒരു വിദ്യാലയം കേന്ദ്രികരിച്ച് മാതൃക പച്ചത്തുരുത്ത് ഉണ്ടാകുന്ന പദ്ധതി ജില്ലയിൽ സ്കൂളുകളിൽ നടന്നുവരുന്നു. ജനുവരി മാസത്തിൽ ആകെ 47 സെന്റ് വിസ്തൃതിയിൽ 3 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു. 240 വൃക്ഷ തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിലെ കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ 20 സെന്റ് സ്ഥലത്തായി നൂറിലധികം തൈകൾ പച്ചതുരുത്തിനായി നട്ടു.
- ❖ വയനാട് ജില്ലയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കാരാപ്പുഴ ടൂറിസം കേന്ദ്രത്തിനോട് ചേർന്ന് 20 സെന്റ് സ്ഥലത്തും, മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ചീരാം കുന്ന് ഹെൽത്ത് സെന്ററിന് സമീപം 30 സെന്റ് സ്ഥലത്തും, മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ 15 സെന്റ് സ്ഥലത്തും, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ കാക്കത്തോട് കോളനിയിൽ 25 സെന്റ് സ്ഥലത്തും പച്ചത്തുരുത്തുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| പച്ചത്തുരുത്ത് ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 64 | 89 | 146 | 384 | 629 | 2 | 40 | 0 | 0 | 201 | 239 |

❖ പച്ചത്തുരുത്തിന്റെ പരിപാലനത്തിനു സംഘാടക സമിതി രൂപീകരിക്കാത്തതും, രൂപീകരിച്ചവ കറ്റമറ്റരീതിയിൽ പ്രവർത്തിക്കാത്തതും സ്ഥാപിച്ച പല പച്ചത്തുരുത്തുകളും നശിച്ച് പോകാൻ കാരണമായിട്ടുണ്ട്. സ്ഥാപിച്ച പച്ചതുരുത്തുകളിൽ പുനർ സന്ദർശനം നടത്തി പച്ചത്തുരുത്ത് വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

## 6) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശുരഹിതമകനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലും പെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 5 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതിയിൽ റിപ്പോർട്ട് മാസം വരെ 1888 വാർഡുകളിൽ പ്രവർത്തനം നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലായി 242 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

❖ തിരുവനന്തപുരം ജില്ലയിൽ കാർഷിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതസമൃദ്ധി വാർഡ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 220 വാർഡുകൾ ലക്ഷ്യമിട്ടതിൽ 122 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ചെങ്കൽ ഗ്രാമ പഞ്ചായത്തിനെ തരിശരഹിത ഗ്രാമമായും, ഹരിത സമൃദ്ധിയായും പ്രഖ്യാപനം നടത്തി. മുൻ മാസത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിനെ തരിശരഹിത ഗ്രാമമായും, 21 വാർഡുകളെ ഹരിത സമൃദ്ധിയായും പ്രഖ്യാപിച്ചിട്ടുണ്ട്.

❖ പ്രോജക്റ്റ് അക്ഷരം - തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെ ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പഠനത്തിനും മറ്റു പഠ്യേതര പ്രവർത്തനങ്ങൾക്കുമായി നടത്തുന്ന പ്രൊജക്റ്റ് അക്ഷരത്തിന്റെ ഭാഗമായി 2024 ജനുവരി 25-ന് പെരിങ്ങമ്മല പഞ്ചായത്തിന്റെ ഭാഗമായുള്ള ആലുമ്മൂട്, ഇയ്യാക്കോട്, എന്നീ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ആരംഭിച്ചു. പഠനതിനൊപ്പം പഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളിൽ താല്പര്യമുണർത്തുവാൻ പച്ചക്കറി കൃഷി, പച്ചക്കറി തോട്ടം എന്നീ സംരംഭങ്ങൾ സഹായകമാകും.

❖ ദേവസ്വം ക്ഷേത്രങ്ങളുടെ കീഴിൽ തരിശ് കിടക്കുന്ന സ്ഥലങ്ങളിൽ ക്ഷേത്ര ആവശ്യങ്ങൾക്കായുള്ള പൂവ് കൃഷി, പച്ചക്കറി, നെൽ എന്നിവ കൃഷി ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 46 ക്ഷേത്രങ്ങളിൽ ആകെ 446 സെന്റ്

വിസ്തൃതിയിൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി എന്നിവ ചെയ്യുന്നതിനുള്ള തൈകൾ വിതരണം കൃഷിഭവന്റേയും പഞ്ചായത്തിന്റേയും നേതൃത്വത്തിൽ നടപ്പിലാക്കി.

- കോട്ടയം ജില്ലയിൽ ദേവഹരിതം പദ്ധതിക്കായി തിടനാട് മഹാദേവക്ഷേത്രം തിരഞ്ഞെടുത്തു.
- പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സോണുകൾ തിരിച്ച് തരിശുഭൂമി പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു.
- എറണാകുളം ജില്ലയിൽ ആമ്പല്ലൂർ, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തോട്ടാറ പുഞ്ചയിൽ 40% പാടശേഖരം മാത്രമാണ് കൃഷിയോഗ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. പാടശേഖരങ്ങളിലെ തോടുകളിൽ ഷട്ടർ നിർമിക്കുവാൻ ജില്ല പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഉറിയം പെട്ടിയിലും പിണവൂർക്കുടിയിലുമുള്ള ഓരോ അങ്കണവാടികൾ കേന്ദ്രീകരിച്ചു ഔഷധ ചെടികൾ നട്ടുപിടിപ്പിച്ചിട്ടുള്ള ന്യൂട്രി ഗാർഡനുകൾ സ്ഥാപിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ കാട്ടൂർ ഗ്രാമ പഞ്ചായത്തിൽ നടത്തിയ വികസന സെമിനാറിൽ ഹരിത സമൃദ്ധി വാർഡ്, തരിശ്ശുരഹിത ഗ്രാമം തുടങ്ങിയ പദ്ധതികളിൽ പച്ചക്കറി തൈ വിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- തൃശ്ശൂർ ജില്ലയിൽ പൊയ്യ ഗ്രാമപഞ്ചായത്തിൽ തരിശ് രഹിത പ്രവർത്തനങ്ങളുടെ ഭാഗമായി നെൽകൃഷി പുനരാംഭിക്കുന്നതിനായി 384 സെന്റ് സ്ഥലത്തു തൊഴിലുറപ്പ് തൊഴിലാളികൾ നിലം ഒരുക്കി നൽകി. അതോടൊപ്പം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വഴി ഏകദേശം 6 ഏക്കർ കരഭൂമി കൃഷിയ്ക്കായി നിലം ഒരുക്കി നൽകി. കൃഷിക്കായി 8 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചു.
- പാലക്കാട് ജില്ലയിൽ ഒരു ബ്ലോക്കിൽ ഒരു തദ്ദേശസ്ഥാപനം തരിശ്ശുരഹിതമാക്കി പ്രഖ്യാപിക്കാൻ വേണ്ടി 13 ബ്ലോക്കുകളിലായി 13 ഗ്രാമപഞ്ചായത്തുകൾ തിരഞ്ഞെടുത്തു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അകത്തേത്തറ, പല്ലശ്ശന, കേരളശ്ശേരി എന്നീ 3 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ തരിശ്ശുരഹിതമാക്കാൻ വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.
- വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 5 ഏക്കറിലായി റാഗി, ചാമ, ചോളം എന്നീ ചെറുധാന്യ കൃഷി ആരംഭിച്ചു കൂടാതെ പനമരം ഗ്രാമപഞ്ചായത്തിലും ചാമ, റാഗി എന്നീ ചെറുധാന്യങ്ങൾ കർഷകർ കൃഷി ചെയ്യുന്നുണ്ട്.
- കണ്ണൂർ ജിലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡുകൾ എന്ന ലക്ഷ്യവുമായി തൈകൾ വിതരണം ചെയ്യുത്. ആദ്യ ഘട്ടത്തിൽ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വാർഡിൽ 3000 - 4000 വരെ തൈകൾ വിതരണം ചെയ്തു. രണ്ടാം ഘട്ടത്തിൽ കൃഷി വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വാർഡിൽ 3500 - 4500 തൈകൾ എന്ന രീതിയിലും വിതരണം ചെയ്തു. ഗ്രോബാഗ് ഒഴിവാക്കി പകരം 800 മൺചട്ടികൾ വീതം ഓരോ വാർഡിലും നൽകി, ഏഴോളം ഇനം പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തു. 7000 ഫലവൃക്ഷ തൈകളും, 934 തെങ്ങിൻ തൈകളും കൃഷിഭവന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.
- മലപ്പുറം ജില്ലയിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എം.ഐ.സി. ആർട്സ് ആൻഡ് സയൻസ് കോളേജ് മഞ്ചേരിയിലെ വിദ്യാർത്ഥികൾ, ചെമ്പൻ കൊല്ലി സ്കൂളിലെ 10 സെന്റോളം വരുന്ന ഭൂമിയിൽ ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ഏഴോളം ഇനങ്ങളിൽ പെടുന്ന പച്ചക്കറി തൈകളും വിത്തുകളുമാണ് മിഷന്റെ ഭാഗത്തുനിന്നും വിദ്യാർത്ഥികൾക്ക് നൽകിയത് ഇവ ഉപയോഗിച്ചാണ് വിദ്യാർഥികൾ സ്കൂളിന് വേണ്ടി ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചത്.

| കാർഷിക മേഖലയിലെ ഇടപെടലുകൾ ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 56 | 205 | 150 | 856 | 1211 | 8 | 569 | 0 | 0 | 121 | 121 |

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് | തെരഞ്ഞെടുത്ത ത.സ്വ.ഭ.സ എണ്ണം (Net Zero GP Included) | തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് | തെരഞ്ഞെടുത്ത വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം |
| 152 | 164 | 5 | 3040 | 1888 | 242 |

## 7) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജലഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | |
|---|---|---|---|
| പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | ഡിസംബർ വരെ | ജനുവരി | ആകെ |
| 207 | 22490 | 2764 | 25254 |

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 194 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജനുവരി മാസത്തെ 2,764 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 25,254 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലം MLA ശ്രീ.V.K പ്രശാന്തിന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പേരൂർക്കട GGHSS, പട്ടം GGHSS ൽ നിർമ്മിച്ച പ്രാഥമിക ജലഗുണനിലവാര ലാബിന്റെ പ്രവർത്തന അവലോകന യോഗം MLA യുടെ അദ്ധ്യക്ഷതയിൽ ചേർന്നു.
- ❖ കൊല്ലം ജില്ലയിൽ ജനുവരി മാസം 35 ടെസ്റ്റുകൾ മാത്രമാണ് നടത്തിയത്. കെമിക്കൽ കിറ്റുകൾ ഡേറ്റ് കഴിഞ്ഞതും, കെമിക്കൽ ഇല്ലാത്തതും ടെസ്റ്റിന്റെ എണ്ണത്തെ ബാധിച്ചു. തദ്ദേശസ്ഥാപനങ്ങൾ കെമിക്കൽ വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 2 ഗ്രാമപഞ്ചായത്തുകളിൽ ടെണ്ടർ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്.

- പുനലൂർ നിയോജക മണ്ഡലത്തിലെ 5 ലാബുകൾ സ്ഥാപിക്കുന്നതിനായി KIIDC ടെണ്ടർ ക്ഷണിച്ചെങ്കിലും ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല എന്ന് കൊല്ലം ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.
- ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ഹയർസെക്കൻഡറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ജലലാബിൽ നൂറോളം കുട്ടികളുടെ നേതൃത്വത്തിൽ ലയങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ കുടിവെള്ള സ്രോതസിൽ നിന്നും സാമ്പിളുകൾ പരിശോധനയ്ക്ക് ശേഖരിച്ചിരുന്നു. ഇപ്രകാരം ശേഖരിച്ച 500 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.
- തൃശ്ശൂർ ജില്ലയിൽ 8 നിയോജക മണ്ഡലങ്ങളിലായി 54 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര ലാബ് പ്രവർത്തിച്ചുവരുന്നു. കാലാവധി കഴിഞ്ഞ പരിശോധനാകിറ്റുകളുടെ അഭാവം കൊണ്ട് സ്കൂളുകളിൽ മികച്ച രീതിയിൽ ടെസ്റ്റുകൾ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ലാബിന്റെ സുഗമമായ തുടർ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനായി 13,00,000 രൂപയുടെ പ്രൊപോസൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി സഹകരിച്ച് ക്യാമ്പ് രീതിയിൽ ടെസ്റ്റുകൾ നടത്തുവാൻ തീരുമാനിച്ചു. കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഫെബ്രുവരി ആദ്യവാരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഓരോ വാർഡിൽ നിന്നും 25 ടെസ്റ്റ് വീതം ചെയ്യുവാൻ തീരുമാനിച്ചു.
- ചിറ്റൂർ മണ്ഡലത്തിലെ 10 ലാബുകളിൽ ടെസ്റ്റിംഗ് പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഓരോ ലാബിലും ചുരുങ്ങിയത് 100 ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള പ്രാദേശിക ക്യാമ്പയിൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ ലാബുകളുടെ നിർമ്മാണം ഭൂജല വകുപ്പ് വഴിയാണ് തീരുമാനിച്ചിട്ടുള്ളത്.
- തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിലെ 6 ഹയർസെക്കണ്ടറി സ്കൂളുകളിൽ ലാബുകൾ ആരംഭിക്കുന്നതിന് ഈ വർഷം തുക വകയിരുത്തിയിട്ടുണ്ട്. മലമ്പുഴ നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് വഴി ആരംഭിച്ചിട്ടുള്ള ലാബുകൾ ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ച് ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള നടപടികളും ഈ മാസം ആരംഭിക്കും.
- കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ സ്ഥാപിച്ച 8 ജലഗുണതാ ലാബുകളിൽ തുടർ പരിശോധനകൾ നടത്താൻ ആവശ്യമായ കെമിക്കലുകൾ, മൾട്ടി പരാമീറ്റർ, മറ്റു സാമഗ്രികൾ തുടങ്ങിയവയുടെ നിലവിലുള്ള അവസ്ഥകൾ വിലയിരുത്തി റിപ്പോർട്ടാക്കിയിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ജലഗുണനിലവാര പരിശോധന ലാബ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജില്ലയിലെ NSS കോർഡിനേറ്റർ, വിദ്യാകിരണം കോർഡിനേറ്റർ, പ്രോഗ്രാം ഓഫീസർമാർ, ലാബ് ചുമതലയുള്ള അധ്യാപകർ എന്നിവരുടെ യോഗം ചേർന്നു. ലാബ് സജ്ജമാക്കിയിട്ടുള്ള 6 സ്കൂളുകളിലെ സാമ്പിളുകൾ ശേഖരിക്കാൻ NSS വളണ്ടിയർമാരുടെ സേവനം ലഭ്യമാക്കും. പരമാവധി ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 8) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജില്ലകളിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ നിർദിഷ്ട പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശോധന കമ്മിറ്റി ജില്ല അടിസ്ഥാനത്തിൽ രൂപീകരിച്ചാണ് വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി ഗ്രേഡിംഗ് നല്കിയത്.

| ഹരിത സ്ഥാപനം ജനവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 823 | 737 | 1993 | 1821 | 4551 | 18 | 244 | 14 | 834 | 1368 | 2178 |

❖ ഹരിത സ്ഥാപനങ്ങളാക്കി മാറ്റാൻ ജില്ലകളിൽ വിവിധ ഇടപെടലുകൾ നടത്തുകയും 10011 സ്ഥാപനങ്ങളിൽ പരിശോധന നടത്തി അവയ്ക്ക് മാർക്കും ഗ്രേഡും നൽകുകയും ചെയ്തിട്ടുണ്ട്.

❖ ആകെ 5757 സ്ഥാപനങ്ങളെയാണ് എ/എ പ്ലസ് ഗ്രേഡുകൾ ലഭ്യമായി ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2877 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ ചെറിയ ഇടപെടലുകളിലൂടെ എ/എ പ്ലസ് ഗ്രേഡുകളിലേക്ക് ഉയർത്താൻ സാധിക്കും.

❖ ഒരു ഗ്രേഡും ലഭിക്കാത്ത (80 ൽ താഴെ മാത്രം മാർക്ക് ലഭിച്ച) 1377 സ്ഥാപനങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മറ്റു ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, അടുത്ത 2 മാസ കാലയളവിൽ ഈ സ്ഥാപനങ്ങളെ ഉയർന്ന ഗ്രേഡുകളിലേക്ക് എത്തിക്കേണ്ട പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തുന്നതാണ്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1346 | 687 | 424 | 235 |
| കൊല്ലം | 1429 | 637 | 471 | 321 |
| പത്തനംതിട്ട | 676 | 351 | 209 | 116 |
| ആലപ്പുഴ | 585 | 353 | 168 | 64 |
| കോട്ടയം | 449 | 310 | 97 | 42 |
| ഇടുക്കി | 465 | 311 | 107 | 47 |
| എറണാകുളം | 1162 | 467 | 413 | 282 |
| തൃശ്ശൂർ | 551 | 322 | 226 | 3 |
| പാലക്കാട് | 561 | 367 | 130 | 64 |
| മലപ്പുറം | 427 | 234 | 150 | 43 |
| കോഴിക്കോട് | 655 | 374 | 197 | 84 |
| വയനാട് | 148 | 51 | 57 | 40 |
| കണ്ണൂർ | 1062 | 919 | 130 | 13 |
| കാസർകോട് | 495 | 374 | 98 | 23 |
| ആകെ | 10011 | 5757 | 2877 | 1377 |

❖ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 55 ഹരിത ഓഫീസുകളുടെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നിർവഹിച്ചു. മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്ന 36 സ്ഥാപനങ്ങളിലും 19 വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമാണ് ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കിയതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് നൽകിയത്.

❖ കൊല്ലം എസ്എൻ വനിതാ കോളേജിനെ ഹരിത ക്യാമ്പസ് ആയി 18/01/24-ന് പ്രഖ്യാപിച്ചു.

❖ കൊട്ടാരക്കര സെന്റ് ഗ്രീഗോറിയസ് കോളേജിനെ ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു.

- കൊല്ലം വെട്ടിക്കവല ഗ്രാമപഞ്ചായത്തിലെ 25 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു.
- പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിനെ ഹരിത ക്യാമ്പസായി 2024 ജനുവരി 29ന് പ്രഖ്യാപിച്ചു. പരിസ്ഥിതി സംരക്ഷണം മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് നടത്തുന്ന ഇടപെടലുകൾ പ്രശംസനീയമാണ്. നെറ്റ് സീറോ കാർബൺ കോളേജ് ആകുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കോളേജ് ഏറ്റെടുത്തിരിക്കുകയാണ്.
- എറണാകുളം പറവൂർ ബ്ലോക്ക് പഞ്ചായത്തും ഹരിത കേരളം മിഷനും സംയുക്തമായി ബ്ലോക്കിലെ 44 വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നടപ്പിലാക്കുന്ന തളിര് പദ്ധതിയുടെ ഭാഗമായി 5 പഞ്ചായത്തുകളിൽ ഓരോ സ്കൂൾ വീതം ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു. പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രദർശന മേള, വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ്, കവിത, ലഘു നാടകം, മാലിന്യ സംസ്കരണ ബോധവത്കരണ ക്ലാസ്സ് എന്നിവ നടന്നു. സ്കൂളിലെ ശുചിത്വസേനയ്ക്ക് യൂണിഫോം വിതരണം നടത്തി.

## 9) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 77 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- തിരഞ്ഞെടുത്തവയിൽ ടൂറിസം കേന്ദ്രങ്ങളായി വികസിച്ചവയും പുതിയതായി വികസിച്ചു വരുന്നവയും ഉൾപ്പെടുന്നു. നിലവിൽ ഇവയുടെ അവസ്ഥാപഠനം നടത്തുകയും ഗ്യാപ്പുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനതലത്തിൽ യോഗം നടത്തുകയും ഈ ഗ്യാപ്പുകൾ അവതരിപ്പിക്കുകയും, തുടർന്ന് പ്രസ്തുത ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡർമാരുടെ യോഗം വിളിച്ചു ചേർക്കുകയും തുടർപ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു വരുന്നു.
- ഹരിത ടൂറിസം ആദ്യഘട്ട പ്രവർത്തനങ്ങളായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കൽ, ടോയ്ലറ്റ് സൗകര്യം ഉറപ്പാക്കൽ, മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തി അവ പരിഹരിക്കൽ, കുടിവെള്ള സംവിധാനം ഉറപ്പാക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാനും ഫണ്ട് കണ്ടെത്താനുമുള്ള ഇടപെടലുകളും ജില്ലകളിൽ നടന്നു വരുന്നു.
- കൊല്ലം ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നിന്നും 9 സ്ഥലങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഈ 9 സ്ഥലങ്ങൾക്ക് പുറമേ ചിതറ, നിലമേൽ, കൊട്ടാരക്കര പുലമൺ തോട് എന്നീ തദ്ദേശസ്ഥാപനങ്ങളിൽ കൂടി ഹരിത ടൂറിസം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കൊല്ലം ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് ഇടമുളക്കൽ ചെമ്പകരാമനല്ലൂർ ചിറ സംസ്ഥാന മിഷൻ ടീം 17-01-2024ന് സന്ദർശനം നടത്തി. കുളം നവീകരിച്ച് ടൂറിസം, നീന്തൽ കുളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഹരിതകേരള മിഷന്റെ ഏകോപനത്തിൽ

സ്പോർട്സ് കൗൺസിൽ, DTPC, എം.ജി.എൻ.ആർ.ഇ.ജി.എസ്സ് JPC, ടൂറി /സം എന്നിവരെ ഉൾപ്പെടുത്തി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി യോഗം സംഘടിപ്പിച്ചു.

- ❖ കൊല്ലം ജില്ലയിൽ ചിറ്റുമല ചിറയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാതയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. സൗന്ദര്യവൽക്കരണത്തിനായി നട്ട മുളകൾ സംരക്ഷിക്കുന്നതിനായി ഇരുമ്പ് ട്രീഗാർഡ് സ്ഥാപിക്കാൻ ബ്ലോക്ക്പഞ്ചായത്ത് പ്രോജക്ക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. താമരകൃഷി ആരംഭിക്കുന്നതിനായി നിലം ഒരുക്കൽ പൂർത്തികരിച്ചു. ഫെബ്രുവരി 11-ന് നടീൽ ആരംഭിക്കും. മറ്റ് ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിശദമായ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഫെബ്രുവരി 8-ന് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ കരീപ്ര ഉളകോട് പാറക്വാറി ഹരിത ടൂറിസം പദ്ധതിക്കായി ഡി.ടി.പിസി പ്രോജക്ക്റ്റ് റിപ്പോർട്ട് തയ്യാറാക്കി. റവന്യൂ വകുപ്പിന്റെ എൻ.ഒ.സി കിട്ടിയാലുടൻ ഗവൺമെന്റിലേക്ക് സമർപ്പിക്കും.
- ❖ തെന്മല ഇക്കോ ടൂറിസം കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആലോചിക്കുന്നതിനായി നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഉന്നതതല യോഗം 14-02-2024ന് ചേരുന്നതിന് തീരുമാനിച്ചു.
- ❖ ഹരിത ടൂറിസത്തിന്റെ ഭാഗമായി ഹരിത കേരളം മിഷൻ സംസ്ഥാന ടീം കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിലെ വട്ടപ്പാറ, മുള്ളുമൂട് പാറ, ചടയമംഗലം ഗ്രാമപഞ്ചായത്തിലെ വട്ടത്തിൽ വെള്ളച്ചാട്ടം എന്നിവിടങ്ങളിൽ സന്ദർശിച്ചു. നിലമേൽ ഗ്രാമപഞ്ചായത്തിലെ വട്ടപ്പാറ, ബാംഗ്ലാകുന്ന്, വെയ്ക്കൽ എന്നീ പ്രദേശങ്ങളിൽ 33 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന സ്ഥലത്തു അഡ്വഞ്ചർ പാർക്കിനായുള്ള സാധ്യത കണ്ടെത്തിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിലെ ഐരക്കുഴി വാർഡിലെ അപ്പുപ്പൻ കുന്ന് ബട്ടർ ഫ്ലൈ പാർക്കിനായി തിരഞ്ഞെടുത്ത പ്രദേശം സംസ്ഥാന മിഷൻ ടീം, സന്ദർശിച്ചു. ബട്ടർഫ്ലൈകളെ ആകർഷിക്കുന്നതിനായി പൂക്കൾ ഉള്ള ചെടികൾ, ലാർവയ്ക്ക് വളരാനുള്ള ചെടികൾ എന്നിവ നടുന്നതിനുള്ള നിർദ്ദേശം നൽകി. നാരകം, കറിവേപ്പില എന്നിവ കൂടുതലായി ഇവിടെ നടാനും, ബൗണ്ടറി തിരിച്ച് തീപിടുത്ത സാധ്യത ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകി. ഈ പ്രദേശത്തോട് ചേർന്ന് ഫോറസ്റ്റ് പ്രദേശത്തു നിൽക്കുന്ന അക്കേഷ്യ മരങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ മുറിച്ചുമാറ്റി അനുയോജ്യമായ മറ്റു വൃക്ഷത്തൈകൾ നടുന്നതിനും തീരുമാനിച്ചു. ഇവിടെ ജലസേചന സൗകര്യത്തിനുള്ള സാധ്യതകളും വിലയിരുത്തി.
- ❖ കൊല്ലം ജില്ലയിലെ കൊട്ടാരക്കര പുലമൺ തോട് നവീകരിച്ച് പാർക്ക് നിർമ്മിക്കുന്നതിനു ഓപ്പൺ സ്റ്റേജ് ഉൾപ്പെടെയുള്ള പ്ലാൻ തയ്യാറായി കഴിഞ്ഞു.
- ❖ പത്തനംതിട്ട ഹരിത ടൂറിസം കേന്ദ്രമായി തീരുമാനിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനത്തിലെ തദ്ദേശ സ്ഥാപന തല അവതരണം പൂർത്തിയായി. ഹരിതടൂറിസത്തിനായി തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ ഗ്യാപ്പുകൾ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി 2024 ജനുവരി 31 ന് ജില്ലാതല യോഗം നടത്തിയിരുന്നു. യോഗത്തിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 28 വരെ ഹ്രസ്വകാലമായി ചെയ്യേണ്ട പ്രവർത്തനങ്ങളും മാർച്ച് 31നകത്തു ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. നിലവിൽ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങളിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.
- ❖ തൃശ്ശൂർ ജില്ലയിൽ പീച്ചി ഡാമിലെയും വാഴാനി ഡാമിലെയും ഹരിത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പാണഞ്ചേരി പഞ്ചായത്തിലും തെക്കുംകര ഗ്രാമപഞ്ചായത്തിലും ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലയിൽ ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് വാഴാനി, പീച്ചി ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട്

തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ 6 കോടി എസ്റ്റിമേറ്റിൽ വാഴാനിയിൽ Dancing fountain Tender നടപടി ആയിട്ടുണ്ട്. പീച്ചിയിൽ Adventure Tourism പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടുതൽ പ്രപ്പോസലുകൾ MLA മാരുമായി ചർച്ച ചെയ്ത് കൗൺസിൽ മീറ്റിംഗിൽ തീരുമാനിക്കും. വാഴാനി ഡാമിൽ ടേക്ക് എ ബ്രേക്ക് ശുചിത്വമിഷൻ നിർമ്മിക്കുമെന്നതു തീരുമാനിച്ചിട്ടുണ്ട്. ബസ്റ്റാൻഡ് വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് പീച്ചി ഡാമിലേക്ക് സർവീസ് നടത്തുന്ന ബസ് ഉടമകളുടെ യോഗം വിളിച്ചിട്ടുണ്ട്.

❖ കോഴിക്കോട് ജില്ലയിൽ തുഷാരഗിരി, ലോകനാർകാവ്, പയംകുറ്റിമല എന്നീ ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളിൽ അവതരണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് മാസം ലോകനാർകാവിലേക്ക് ബോട്ടിൽ ബൂത്തും മിനി എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്.

❖ പാലക്കാട് ജില്ലയിൽ ഹരിത ടൂറിസത്തിന്റെ ഭാഗമായി കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കും. വിപുലമായിട്ടുള്ള ഇടപെടൽ ആവശ്യമുള്ളിടത്തു ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സംയുക്ത പ്രോജക്റ്റുകൾ നടപ്പിലാക്കും.

❖ പാലക്കാട് ജില്ലയിൽ 2024 ജനുവരി 31 ന് ഹരിതടൂറിസം പദ്ധതിയുടെ ജില്ലാതല മീറ്റിംഗ് നടന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സൈൻ ബോർഡുകൾ, വാണിംഗ് ബോർഡുകൾ സ്ഥാപിക്കുക, ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേർമാരുടെ യോഗം കൂടുക, നിലവിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുക, ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബോധൽകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുക, എന്നീ പ്രധാന തീരുമാനങ്ങൾ കൈകൊണ്ടു. മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗ്യാപ് നികത്തുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കുന്നതിനു വേണ്ടി 2024 ഫെബ്രുവരി 5 ന് ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

❖ മലപ്പുറം ജില്ലയിൽ മിനി ഊട്ടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ അവതരണം ജനുവരി മാസം ആദ്യ വാരത്തിൽ തന്നെ പൂർത്തീകരിച്ചു. മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 13 പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

❖ വയനാട് ജില്ലയിൽ കാരാപ്പുഴ ടൂറിസം കേന്ദ്രത്തിന് ചേർന്ന് മാലിന്യം പുറന്തള്ളുന്ന സ്ഥലം വൃത്തിയാക്കി പച്ചത്തുരുത്ത് നിർമ്മിക്കും, ഹരിത പ്രോട്ടോക്കോൾ സംബന്ധിച്ചുമുള്ള സൈൻബോർഡുകൾ സ്ഥാപിക്കും. ഹരിതകർമസേന കൃത്യമായി അജൈവ മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടൂറിസം കേന്ദ്രത്തിന് പുറത്ത് അജൈവ മാലിന്യം കൈമാറാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ചു സംയുക്ത പരിശോധന നടത്തും.

❖ വയനാട് ജില്ലയിൽ കുറുവ ദ്വീപ് കേന്ദ്രത്തിന്റെ യോഗം 12/01/2024നു നടന്നു. കേന്ദ്രത്തിനുള്ളിൽ ജൈവ മാലിന്യ സംസ്കരണ ഉപാധി നിലവില്ലല്ലുള്ളത് ശാസ്ത്രീയമായി ഉപയോഗിക്കുക, തുമ്പൂർമുഴി സംവിധാനം സ്ഥാപിക്കുക, ടൂറിസം കേന്ദ്രത്തിലെ നിലവിലെ ശുചിമുറി സൗകര്യം അപര്യാപ്തമായ കാരണത്താൽ സ്ഥലം ലഭ്യമാക്കി പുതിയ ശുചിമുറി സംവിധാനം ഏർപ്പെടുത്തുക, അജൈവ മാലിന്യ ശേഖരണത്തിന് കൂടുതൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സ്റ്റിക്കറുകൾ (പേപ്പർ, പ്ലാസ്റ്റിക്) പതിപ്പിക്കുക, കേന്ദ്രത്തിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കും, കേന്ദ്രത്തിൽ ഫോറസ്റ്റ് ഫെൻസിംഗ് നടപടികൾ പൂർത്തിയാക്കുക. കടകളിൽ നിന്നും യൂസർഫീ ലഭ്യമാക്കി അജൈവ മാലിന്യ ശേഖരണം കാര്യക്ഷമമാക്കും, ടൂറിസം കേന്ദ്രത്തിൽ കുടുംബശ്രീയുടെ ഒരു ഫുഡ് കോർട്ട് സ്ഥാപിക്കുക, ടൂറിസം കേന്ദ്രത്തിൽ സൗന്ദര്യവത്കരണ നടപടികൾ ആരംഭിക്കുക എന്നിവ മുനിസിപ്പാലിറ്റിതല യോഗത്തിൽ തീരുമാനമായി.

❖ വയനാട് ജില്ലയിൽ സൂചിപ്പാറ വെള്ളച്ചാട്ടം ടൂറിസം കേന്ദ്രത്തിന്റെ യോഗം 22-01-2024ന് നടന്നു. കേന്ദ്രത്തിൽ അജൈവ മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള ഒരു താൽകാലിക ഷെൽട്ടർ നിർമ്മിക്കും, ടൂറിസം കേന്ദ്രത്തിന്റെ സമീപത്തുള്ള കടകളിൽ നിന്നും യൂസർഫീ ലഭ്യമാക്കി അജൈവ മാലിന്യങ്ങൾ ഹരിതകർമസേനക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കും, ശാസ്ത്രീയമായി ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കും, വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് സ്റ്റിക്കറുകൾ (പേപ്പർ, പ്ലാസിക്) പതിപ്പിക്കും, കേന്ദ്രത്തിന് പുറത്തുള്ള മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കും, ടൂറിസം കേന്ദ്രത്തിൽ പ്ലാസ്റ്റിക് കുപ്പികൾ / പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിരോധിക്കും എന്നിവ പഞ്ചായത്ത് തല യോഗത്തിൽ തീരുമാനമായി.

❖ കണ്ണൂർ ജില്ലയിൽ 8 ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിരുന്നു ഇത് കൂടാതെ ആന്തൂർ - പറശ്ശിനി ശ്രീ മുത്തപ്പൻ മടപ്പുര, പായം - ഇരിട്ടി ഇക്കോ പാർക്ക്, ടൂറിസം എന്നീ രണ്ട് കേന്ദ്രങ്ങളെ പുതുതായി ഹരിത ടൂറിസം കേന്ദ്രമാക്കാൻ വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടു കേന്ദ്രങ്ങളിലും അവസ്ഥ പഠനം നടത്തിയിട്ടുണ്ട്.

❖ കണ്ണൂർ കേളകം ഗ്രാമപഞ്ചായത്തിൽ പാലുകാച്ചിമലയിൽ മരങ്ങൾ പൂത്തതുപോലെ ചിത്രശലഭങ്ങൾ നിറഞ്ഞു നിൽക്കുന്ന കാഴ്ച സഞ്ചാരികളെ അത്ഭുതപ്പെടുത്തുന്നു. ചിത്രശലഭങ്ങളിലെ കോൺഗ്രിഗേഷൻ പ്രതിഭാസമാണ് പാലുകാച്ചിമലയിൽ നടക്കുന്നത്. ലക്ഷക്കണക്കിന് പൂമ്പാറ്റകളാണ് ഒരു പ്രത്യേക സ്ഥലത്തെ വിവിധ മരങ്ങളിൽ മരം പൂത്തത് പോലെ ഒത്തുചേർന്നിട്ടുള്ളത്.

❖ കാസർഗോഡ് ജില്ലയിൽ 9 ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അവസ്ഥാവിശകലനത്തിന് ശേഷം 7 ടൂറിസ്റ്റ് സ്ഥലങ്ങളുടെ അവതരണം നടന്നു. ബേക്കൽ, ചെമ്പരിക്ക കീഴൂർ എന്നിവയുടെ അവതരണമാണ് നടക്കാൻ ബാക്കിയുള്ളത്. ഹരിതടൂറിസത്തിന്റെ ഭാഗമായി അഴിത്തല, കൈറ്റ് ബീച്ച്, കണ്വതീർത്ഥ, ചെമ്പരിക്ക എന്നിവിടങ്ങളിൽ ഡിടിപിസി 2 ശുചീകരണ തൊഴിലാളികളെ ഏർപ്പെടുത്തിയിട്ടുണ്ട്.

| ഹരിത ടൂറിസം ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 47 | 222 | 293 | 231 | 746 | 2 | 37 | 6 | 156 | 61 | 196 |

## 10) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

❖ 16465 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
❖ 1313 മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
❖ 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
❖ 35352 ഹരിത കർമ്മ സേന അംഗങ്ങൾ.
❖ ജനുവരി മാസത്തിൽ 1165.091 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 2724.831 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 203.730 ടൺ ലെഗസി മാലിന്യങ്ങളും, 21.423 ടൺ ഇ-മാലിന്യങ്ങളും, 226.099 ടൺ ചില്ല് മാലിന്യവും 21.690 ടൺ തുണി മാലിന്യവും 1.477 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 13.378 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും

ചെയ്തു.

- റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 29.87 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 8449 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

| പ്രവർത്തനങ്ങൾ | |
|---|---|
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (ലക്ഷം) (വാർ റൂം) | **77.11** |
| സംസ്ഥാനത്ത് ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) (വാർ റൂം) | **7.1** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ) | **1165.091** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ) | **2724.831** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ ഇ-മാലിന്യം (ടൺ) | **21.423** |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം(കോടി) (വാർ റൂം) | **29.87** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | **1313** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | **16466** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | **138** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | **749** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | **65.79** |

- വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 77.11 ലക്ഷം വീടുകളിൽ നിന്നും 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 749 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 65.79 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- തിരുവനന്തപുരം ജില്ലയിൽ ഹരിതമിത്രം ആപ് വഴിയുള്ള സർവ്വീസ് കവറേജ് എട്ടു തദ്ദേശഭരണ സ്ഥാപനങ്ങളിൽ 100 ശതമാനം കൈവരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ യൂസർഫീ കളക്ഷനിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തും വർക്കല നഗരസഭയും മികവ് പുലർത്തുന്നുണ്ട്.
- തിരുവനന്തപുരം കോർപ്പറേഷനിലെ പേരൂർക്കട മാർക്കറ്റിൽ നിർമ്മിച്ച MCF ന്റെ ഉദ്ഘാടനം നിർവഹിച്ചു.
- ശുചിത്വ മേഖലയിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന നൂതന ആശയമാണ് CT മോഡൽ കമ്പോസ്റ്റ് പിറ്റുകളുടെ നിർമ്മാണം. തുമ്പൂർ മുഴി മാതൃകയിലുള്ള ഈ മോഡൽ കമ്പോസ്റ്റ് പിറ്റ് പൊതു സ്ഥാപനങ്ങൾ കൂടാതെ വീടുകൾക്കും അനുയോജ്യമായ

രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഹരിത കർമ സേനാംഗങ്ങൾ തന്നെയാണ് ഇവയുടെ നിർമ്മാണം നിർവഹിക്കുന്നത്. ഏകദേശം 4 മാസക്കാലം ഒഴിവു സമയങ്ങളിൽ വിദഗ്ധരായ തൊഴിലാളികൾക്കൊപ്പം ഫീൽഡിൽ പ്രായോഗിക പരിശീലനം നടത്തിയാണ് അഴൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങൾ ഈ രംഗത്ത് ചുവടുറപ്പിച്ചിട്ടുള്ളത്. അജൈവ മാലിന്യ സംസ്കരണ മേഖലയിൽ നിർണ്ണായക പങ്ക വഹിക്കുന്ന ഹരിത കർമസേനാ പ്രവർത്തകരെ ഉറവിട മാലിന്യ സംസ്കരണ മേഖലയിൽ കൂടി എങ്ങനെ ഉപയോഗപ്പെടുത്താം എന്ന ചിന്തയിൽ നിന്നുമാണ് ഈ ഒരു ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 50 വീടുകളിൽ CT മോഡൽ കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സ്കൂളുകൾ, അംഗൻവാടികൾ എന്നിവ സന്ദർശിച്ച് മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി.

❖ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃക തീർക്കുകയാണ് അലയമൺ ഗ്രാമപഞ്ചായത്ത്. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ അലയമൺ ഗ്രാമപഞ്ചായത്ത് മുന്നിലാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ നവീകരിച്ച മാർക്കറ്റിന്റെ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചു റാണി നിർവ്വഹിച്ചു. MCFന്റെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ നിർവ്വഹിച്ചു. ഹരിത കർമസേനയുടെ വാതിൽ പടി സേവനത്തിലും, യൂസർ ഫീ കളക്ഷനിലും 100% എത്തിയ പഞ്ചായത്ത് എന്ന് മാത്രമല്ല ഹരിത മിത്രം മൊബൈൽ ആപ്ലിക്കേഷനിലൂടെ 100% സേവനം ലഭ്യമാക്കിയ പഞ്ചായത്ത് എന്ന നിലയിലും അലയമൺ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം അഭിനന്ദനീയമാണ്. മാപത്തോൺ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, നെറ്റ് സീറോ കാർബൺ തുടങ്ങി എല്ലാ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കുന്നു. ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്.

❖ ഇടുക്കി ജില്ലയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ഉപയോഗശൂന്യമായ ഇലക്ട്രോണിക്സ്, ചില്ല് എന്നിവ ശേഖരിച്ചു സൂക്ഷിക്കുന്നത്തിനായി 2 മിനി MCFകളുടെ നിർമാണം ആരംഭിച്ചു.

❖ കണ്ണൂർ കോർപ്പറേഷൻ മഞ്ചപ്പാലത്ത് നിർമാണം പൂർത്തിയാക്കിയ മലിനജല ശുദ്ധീകരണ പ്ലാന്റ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു ജലം മലിനമാക്കുന്നവർക്കെതിരെ പിഴ കൂടാതെ ഒരു വർഷം വരെ തടവ് ലഭിക്കുന്ന രീതിയിൽ നിയമം കർശനമാക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മലിനജല ശുദ്ധീകരണ പ്ലാന്റ് അനിവാര്യമാണ്. പ്ലാന്റുകൾക്കെതിരെ വിമർശനമുന്നയിക്കുന്നത് തെറ്റിദ്ധാരണകൊണ്ട് മാത്രമാണെന്നും ആശങ്കകൾ ഉണ്ടെങ്കിൽ പരിഹരിച്ച് മുന്നോട്ടു പോകുമെന്നും മന്ത്രി പറഞ്ഞു.

❖ കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിലെ 8 പഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങളുടെ നേതൃത്വത്തിൽ 2023 ജനുവരി മുതൽ ഡിസംബർ 31 വരെ 257 ടൺ പ്ലാസ്റ്റിക് തരംതിരിച്ചു വില്പന നടത്തി. ഇത് കൂടാതെ 221 ടൺ ചില്ല് മാലിന്യവും, 82 ടൺ തുണി മാലിന്യവും കയറ്റി അയച്ചു. അതോടൊപ്പം തന്നെ മൾട്ടിലെയർ പ്ലാസ്റ്റിക്, തെർമോ കോൾ എന്നിവയുടെ വില്പനയും നടത്തി. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്കിലെ 8 ഗ്രാമഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ സഹായത്തോടെയാണ് മാതൃകാപരമായ പ്രവർത്തനം നടത്തിയത്.

❖ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും വാതിൽപ്പടി ശേഖരണം നൂറ് ശതമാനം പൂർത്തീകരിച്ചു.

### 10.1 മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിലെ കിളിമാന്നൂർ ഗ്രാമപഞ്ചായത്തിലെ മൂന്നു വാർഡുകൾ വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ കുട്ടികൾക്കുള്ള മാലിന്യ സംസ്കരണ വിദ്യാഭ്യാസ കാമ്പയിൻ ആയ ശുചിത്വോത്സവം കെടാമംഗലം ഗവണ്മെന്റ് LP, ചേന്ദമംഗലം ഗവ.ജി.യു.പി.എസ് എന്നീ സ്കൂളിൽ സംഘടിപ്പിച്ചു. നിലവിൽ ശുചിതോത്സവം കാമ്പയിനിലൂടെ ഇതുവരെ 51 സ്കൂളുകളിലെ 6533 കുട്ടികളിൽ മാലിന്യ സംസ്കരണത്തെ പറ്റി കൃത്യമായ അവബോധം നൽകാൻ സാധിച്ചു. ജനുവരി മാസം 325 കുട്ടികൾക്ക് ശുചിത്വ മാലിന്യ സംസ്കരണത്തെപ്പറ്റിയുള്ള ക്ലാസുകൾ നൽകി.
- ❖ തൃശ്ശൂർ ജില്ലയിൽ ഹരിത കേരളം മിഷൻന്റെ പ്രതേക ഇടപെടലുകളുടെ ഭാഗമായി ആരംഭിച്ച "സീറോ പാർക്കിങ് MCF" പരിപാടി പാഴ് വസ്തുക്കൾ കൃത്യമായി നീക്കം ചെയ്തു വരുന്നു. ഗുരുവായൂർ നഗരസഭയിൽ ജനുവരിയിൽ "സീറോ പാർക്കിങ് MCF" പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യം കൃത്യമായി തരംതിരിച്ച് സംസ്കരിച്ച് അജൈവമാലിന്യം ഹരിത കർമസേനക്ക് കൈമാറുന്നു. പൊതു ഇടങ്ങളും ജലസ്രോതസ്സുകളും ശുചീകരിച്ച് പഞ്ചായത്ത് മാലിന്യ മുക്തമാണെന്നുറപ്പാക്കി റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടി. അതത് വാർഡുകൾ സമ്പൂർണ്ണ മാലിന്യമുക്ത വാർഡായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ ആർദ്രം മിഷനും ഹരിതകേരളം മിഷനും പഞ്ചായത്തും ചേർന്നു നടപ്പിലാക്കുന്ന ഹരിത കർമസേനയുടെ ഹെൽത്ത് ചെക്ക് അപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി ഹരിത കർമസേനയ്ക്ക് ഹെൽത്ത് കാർഡ് നൽകുന്ന പരിപാടി നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ഹരിത കർമസേനയ്ക്ക് ഹെൽത്ത് കാർഡ് വിതരണവും ഹരിത കർമസേനയുടെ പുതിയ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് ചടങ്ങും നിർവഹിച്ചു.
- ❖ ശുചിത്വസാഗരം സുന്ദരതീരം പ്രോജക്ടിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഡിവിഷനിൽ ജൈവമാലിന്യം കളക്ട് ചെയ്യുന്നതിന് തീരുമാനിക്കുകയും ജൈവ മാലിന്യം ആഴ്ചകൾക്കുള്ളിൽ ജൈവവളമാക്കി മാറ്റുന്ന സംവിധാനം സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി അജൈവമാലിന്യം ശേഖരിക്കുന്നതോടൊപ്പം ജൈവമാലിന്യങ്ങളും ദൈനംദിനം ശേഖരിച്ച് പൂർണമായും തീരദേശത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ NSS വോളണ്ടിയർമാർ, ഹരിത കർമ്മസേന അംഗങ്ങൾ, ഹരിതകേരളം ആർപിമാർ എന്നിവർ ചേർന്ന് 257 വീടുകൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തി.
- ❖ വലിയ പറമ്പയിൽ മാത്രം 24 കിലോമീറ്റർ ദൂരത്ത് 1298 പേർ രംഗത്തിറങ്ങി. ജില്ലയിൽ ആകെ 52 സംഘങ്ങളായി കർമ്മനിരതരായി രംഗത്തിറങ്ങി ഹരിത ടൂറിസം കേന്ദ്രങ്ങളായ കണ്വതീർത്ഥ, കുമ്പള, ചെമ്പരിക്ക, കോടി, പള്ളിക്കര, കൈറ്റ്, അഴിത്തല എന്നീ ബീച്ച് ശുചീകരണം നടത്തി. ശുചീകരണത്തിന്റെ മുന്നോടിയായി നല്ല രീതിയിൽ ഐഇസി പ്രവർത്തനം ജില്ലാതലത്തിൽ നടന്നിരുന്നു. സമൂഹമാധ്യമങ്ങൾ വഴി പോസ്റ്റർ പ്രചരിപ്പിച്ചു.
- ❖ കടലോരശുചീകരണത്തിന്റെ മുന്നോടിയായി തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ സംഘാടകസമിതികൾ രൂപീകരിക്കുകയും യോഗം ചേരുകയും ചെയ്തിരുന്നു. നവകേരളം കർമ്മപദ്ധതിയുടെ ആർ പിമാർ ശുചീകരണത്തിന് നേതൃത്വം നൽകിയത്.

- ❖ ഹരിത കേരള മിഷൻ ഹരിത ടൂറിസം ആലോചന യോഗത്തിൽ തീരുമാനിച്ച പ്രകാരം 13/01/24 ശനിയാഴ്ച പൊഴിയൂർ ബീച്ച് വാർഡിൽ പൊഴിക്കര ബീച്ച് പുതുവർഷം പുതു തീരം ക്ലീനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ സന്നദ്ധ സേന അംഗങ്ങൾ, കുളത്തൂർ ആർട്സ് & സയൻസ് കോളേജ്, മാറാനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജ് NSS വോളണ്ടിയേഴ്സ്, ഹരിത കർമ്മ സേന, ഉൾപ്പെടെ 225 പേരുടെ സഹകരണത്തോടെ തീരദേശം ശുചീകരണ പ്രവർത്തനം നടത്തി. 1560 kg ശേഖരിച്ച മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറി.
- ❖ കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ശ്രീ പഞ്ചലിംഗേശ്വര ക്ഷേത്ര ആറാട്ട് ഉത്സവത്തിനോടനുബന്ധിച്ച് മാലിന്യം നിക്ഷേപത്തിനായി ഓല കുട്ടകളും കൂടാതെ വ്യാപാരികൾക്ക് തുണിസഞ്ചികളും സൗജന്യമായി നൽകി ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ഹരിത കർമസേന മാതൃകാ പരമായ പ്രവർത്തനം കാഴ്ച്ച വച്ചു.
- ❖ എറണാകുളം ജില്ലാ ഹരിതകേരളം മിഷനും തൃക്കാക്കര മുനിസിപ്പാലിറ്റിയും സംയുക്തമായി ഹരിത കർമസേനാ അംഗങ്ങൾക്കായി സംഘടിപ്പിച്ച പേപ്പർ ബാഗ് നിർമ്മാണ പരിശീലനം മുനിസിപ്പാലിറ്റി ഹാളിൽ നടന്നു.
- ❖ എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ചെമ്പറക്കിയിലെ ടേക്ക് എ ബ്രേക്ക് സമുച്ചയം വഴിയാത്രക്കാർക്ക് ആശ്വാസമാവുകയാണ്. യാത്രാ മദ്ധ്യേ വിശ്രമിക്കുന്നതിനും ലഘുഭക്ഷണം കഴിക്കുന്നതിനുമായി ദിവസേന നിരവധിപേരാണ് ഈ കേന്ദ്രത്തിലെ സേവനം പ്രയോജനപ്പെടുത്തുന്നത്. ഭിന്നശേഷി സൗഹൃദ ശുചിമുറി, ഫീഡിംഗ് റൂം, സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീൻ, കഫറ്റേരിയ, ഓപ്പൺ ഡൈനിങ് ഹാൾ, മൊബൈൽ ബാറ്ററി റീചാർജ് പോയിന്റ്, പാർക്കിങ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ടേക്ക് എ ബ്രേക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബശ്രീ പ്രവർത്തകർക്കാണ് നടത്തിപ്പ് ചുമതല.
- ❖ കണ്ണൂർ ജില്ലയിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി, ബീക്കൺ നഗരസഭ എന്ന ലക്ഷ്യവുമായി ആന്തൂർ നഗരസഭയിൽ യൂസർ ഫീ 100% പൂർത്തികരിച്ചതിന്റെയും, ഫിലമെന്റ് രഹിത നഗരസഭ ആയി മാറുന്നതിന്റെയും പ്രഖ്യാപനം ആന്തൂർ നഗരസഭയിലെ കൽക്കോ മിനി ഹാളിൽ വെച്ച് തളിപ്പറമ്പ് മണ്ഡലം MLA ശ്രീ എം.വി. ഗോവിന്ദൻ മാഷ് പ്രഖ്യാപനം നടത്തി.
- ❖ **ഹരിതവീഥി** – ഹരിത കേരളം മിഷൻ ഇടപെടലിന്റെ ഭാഗമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ തെരുവുകളുടെ സൗന്ദര്യ വൽക്കരണത്തിനായി ഹരിത വീഥി എന്ന പദ്ധതി ഉൾപ്പെടുത്തി. ഒളവണ്ണ, കടലുണ്ടി ഗ്രാമ പഞ്ചായത്തുകളിലെ ഒരു തെരുവിന്റെ സൗന്ദര്യ വൽക്കരണം വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും നടപ്പിലാക്കും.

| ശുചിത്വ-മാലിന്യ സംസ്കരണ ജനുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **436** | **1736** | **2093** | **5251** | **9080** | **62** | **1294** | **19** | **1189** | **256** | **5962** |

## 11) ക്ഷീരഭവനം സുന്ദരഭവനം

കണ്ണൂർ ജില്ലയിലെ ഡയറി ഫാമുകൾക്കും പശുത്തൊഴുത്തുകൾക്കും ശുചിത്വത്തിന്റെയും ഹരിത പെരുമാറ്റ ചട്ട പാലനത്തിന്റേയും അടിസ്ഥാനത്തിൽ ഹരിതപദവി നൽകാനൊരുങ്ങി ക്ഷീര

വികസന വകുപ്പും ഹരിത കേരളം മിഷനും നടപ്പാക്കുന്ന സവിശേഷ പ്രവർത്തനമാണ് "ക്ഷീരഭവനം സുന്ദരഭവനം" എന്ന ക്യാമ്പയിൻ. പശുവളർത്തലിനോടൊപ്പം ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉയർന്ന പ്രാധാന്യം നൽകാൻ കർഷകരെയും സമൂഹത്തെയും പ്രേരിപ്പിക്കാനാണ് ഡയറി ഫാമുകൾക്കും പശു തൊഴുത്തുകൾക്കും ഹരിത പദവി നൽകാൻ തീരുമാനിച്ചത്. ജില്ലയിലെ മുഴുവൻ ഡയറി ഫാമുകളും ഹരിത പദവി നേടുക എന്നതാണ് ഈ കാമ്പയിൻ കൊണ്ട് ലക്ഷ്യമാക്കുന്നത്.

- ❖ ഡയറി ഫാമുകൾക്കും ഹരിത പദവി നൽകുന്നതുമായി ബന്ധപ്പെട്ട് മികച്ച ക്ഷീര സംഘങ്ങൾക്കുള്ള അവാർഡ് പ്രഖ്യാപിച്ചു. കണ്ണപുരം ക്ഷീര വ്യവസായ സഹകരണ സംഘം, തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം, പിണറായി ക്ഷീരോൽപാദക സഹകരണ സംഘം എന്നീ ക്ഷീരസംഘങ്ങൾക്കാണ് അവാർഡുകൾ ലഭിച്ചത്.
- ❖ 2024 ഫെബ്രുവരി ആറിന് കണ്ണൂർ ജില്ലാ ക്ഷീര സംഗമത്തിന്റെ ഭാഗമായി ചെറുതാഴത്തു നടക്കുന്ന പൊതു സമ്മേളനത്തിൽ വെച്ചു അവാർഡ് നൽകും.
- ❖ "ക്ഷീരസംഘം ഹരിതസംഘം" എന്ന കാമ്പയിനും സർവ്വെയും സംസ്ഥാനത്ത് ഇതാദ്യത്തേതാണ്.
- ❖ ക്ഷീര സഹകരണ സംഘങ്ങൾ ശുചിത്വവും ഹരിതവുമായ സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നേരത്തേ ക്ഷീര സംഘങ്ങൾക്ക് നല്കിയിരുന്നു.
- ❖ പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം, ക്ഷീര സ്ഥാപന ശുചിത്വം, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങളിലാണ് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിരുന്നത്. നേരിട്ടുള്ള പരിശോധനയിൽ ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് എ പ്ലസ്, എ, ബി,എന്നീ ഗ്രേഡുകളാണ് നൽകിയത്.

## 12) ഗ്രീൻ പ്രോട്ടോകോൾ

- ❖ തിരുവനന്തപുരം ജില്ലയിൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിലെ വ്ലാത്താങ്കര സ്വർഗ്ഗരോപിത മാതാ തീർത്ഥാടന ദേവാലയ തിരുനാൾ ഹരിത ചട്ടം പാലിച്ചു നടത്തിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ 2023 ഡിസംബർ 30, 31, 2024 ജനുവരി 1 തീയതികളിൽ നടന്ന ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചുണ്ടായ മാലിന്യങ്ങൾ ഹരിത കർമസേന മാതൃകാപരമായ മെഗാ ക്ലീൻ ഡ്രൈവിലൂടെ ശേഖരിച്ച് വർക്കല മുൻസിപ്പാലിറ്റിക്ക് കൈമാറി. 236 ഹരിത കർമസേന അംഗങ്ങൾ പങ്കെടുത്തു.5 ടീമുകളായി തിരിഞ്ഞ് ശിവഗിരിയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച 4.2 ടൺ അജൈവ പാഴ്വസ്തുക്കൾ വർക്കല നഗരസഭ എം.സി.എഫി ലേക്ക് മാറ്റുകയും ചെയ്തു.
- ❖ തൃശ്ശൂർ വടക്കാഞ്ചേരി നഗരസഭയുടെ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി നഗരസഭ പരിധിയിൽ നടക്കുന്ന പൂരങ്ങൾ, പെരുന്നാളുകൾ വിവാഹങ്ങൾ, മറ്റ് ആഘോഷങ്ങൾ എന്നിവ പൂർണമായും ഹരിത ചട്ടം പാലിച്ച് നടത്തുന്നതിന് തീരുമാനമായി. ഇനി മുതൽ നഗരസഭയിൽ നടത്തപ്പെടുന്ന വിവാഹങ്ങളും മറ്റും ആഘോഷങ്ങളും നഗരസഭയെ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങണം.
- ❖ വയനാട് ജില്ലയിലെ അമ്പലവയൽ കാർഷിക വിജ്ഞാന കേന്ദ്രത്തിൽ എല്ലാ വർഷവും നടക്കുന്ന അന്താരാഷ്ട്ര പുഷ്പ പ്രദർശന മേള ഇത്തവണവും പൂർണമായി ഹരിത പ്രോട്ടോക്കോൾ പാലിച്ച് നടന്നു. ജനുവരി 1 മുതൽ 15 വരെ ആയിരുന്നു പ്രദർശനം. അമ്പലവയൽ ഗ്രാമപഞ്ചായത്ത്, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഓല കൊണ്ടും മരം കൊണ്ടുമുള്ള മാലിന്യ സംസ്കരണ ഉപാധികളാണ് ഇത്തവണയും പൂപ്പൊലി നഗരിയിൽ ഒരുക്കിയിരിക്കുന്നത്. ഫുഡ് സ്റ്റാളുകളിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കർശനമായി നിരോധിച്ചിരുന്നു. സ്റ്റീൽ, ചില്ല്, ഇല എന്നിവയാണ് ഭക്ഷണം നൽകുന്നതിനായി ഉപയോഗിച്ചത്. ഐസ്ക്രീം പാർലറുകളിൽ കപ്പ്, ബോൾ ഐസ്ക്രീമുകൾ വിൽക്കുന്നില്ല. കേന്ദ്രത്തിലെ

ശുചീകരണ തൊഴിലാളികളും ഹരിതകർമസേനയുമാണ് ഇവിടുത്തെ മാലിന്യസംസ്കരണ മേഖലകളിലേക്ക് വിന്യസിച്ചിരുന്നത്.

- പത്തനംതിട്ട ജില്ലയിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേന യോഗം നടന്നു. മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ കൺവൻഷൻ, മഞ്ഞിനിക്കര പെരുനാൾ എന്നീ പരിപാടികൾ ഹരിത പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഗ്രാമപഞ്ചായത്തുകളുടെയും ഹരിതകർമ്മസേനയുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ ഉറപ്പുവരുത്തി.
- എറണാകുളം ജില്ലയിൽ കാഞ്ഞിരമറ്റം പള്ളി കൊടികുത്ത് ചന്ദനക്കുടം പെരുന്നാൾ ഹരിത ചട്ട പ്രകാരം നടന്നു.
- എറണാകുളം ജില്ലയിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പൂരമായ ചെറായി ഗൗരീശ്വര ക്ഷേത്രത്തിലെ ചെറായി പൂരം ഹരിത ചട്ട പ്രകാരം നടന്നു.
- എറണാകുളം ജില്ലയിൽ വേങ്ങൂർ സെൻമേരിസ് ഹൈസ്കൂളിലെ 74 മത് വാർഷിക ആഘോഷവും ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനവും ജനുവരി 22 തിങ്കളാഴ്ച നടന്നു. പൂർണ്ണമായും ഹരിത പ്രോട്ടോകോൾ പാലിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്.
- മൂന്നിടത്തും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത്, ഉത്സവ കമ്മിറ്റി, കില, ആരോഗ്യവകുപ്പ്, NSS യൂണിറ്റിലെ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ നടന്നത്. എല്ലാ കടകളും സന്ദർശിച്ച് വ്യാപാരികളോട് ഹരിത പ്രോട്ടോകോൾ സംബന്ധിച്ച ബോധവത്കരണം നടത്തി. ഉത്സവ കമ്മിറ്റിയുടെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുള്ള കൗണ്ടറുകളിൽ സ്റ്റീൽ ഗ്ലാസ് പാത്രങ്ങൾ മാത്രമേ ഉപയോഗിച്ചുള്ളൂ ഹരിത കർമ്മ സേന അംഗങ്ങളുടെ സേവനം ലഭ്യമാക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുന്നതിനും വ്യാപകമായി ബാനറുകൾ സ്ഥാപിക്കുകയും ചെയ്തു. ചെറായി പൂരത്തിനു നിലവിലുള്ള ടോയ്ലറ്റുകൾ കൂടാതെ 5 ബയോ ടോയ്ലറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. NSS വളന്റിയർമാരുടെ നേതൃത്വത്തിൽ ശുചിത്വ ഹരിത സന്ദേശങ്ങളുടെ വിളമ്പര ജാഥയും, ഫ്ലാഷ് മോബും അവതരിപ്പിച്ചു. ഉത്സവ ദിവസങ്ങളിൽ വിജിലൻസ് സ്ക്വാഡ് വ്യാപാര സ്ഥാപനങ്ങൾ, മറ്റു വില്പന കേന്ദ്രങ്ങൾ എന്നിവ പരിശോധന നടത്തുകയും, നിരോധിത ഉത്പന്നങ്ങൾ ഉപയോഗിക്കരുതെന്ന് എന്ന നിർദേശം നൽകുകയും ചെയ്തു. വ്യാപാര സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ലഘു ലേഖകൾ വിതരണം ചെയ്തു.
- ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ബ്ലോക്ക് ചെറുതന ഗ്രാമപഞ്ചായത് കാഞ്ഞൂർ ക്ഷേത്രത്തിൽ കാഞ്ഞൂരമ്മയ്ക്ക് കോലം വഴിപാട് ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ചു ജനുവരി മാസം നടത്തി. കൂടാതെ കഞ്ഞിക്കുഴി ബ്ലോക്കിൽ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ അർത്തുങ്കൽ പള്ളിപെരുനാൾ ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച നടത്തി.

## 13) തനതു പ്രവർത്തനങ്ങൾ

**13.1 സുസ്ഥിര തൃത്താല** - പാലക്കാട് ജില്ലയിൽ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല. 2024 ജനുവരി 6 നു സുസ്ഥിര തൃത്താല അവലോകന യോഗം തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി. രാജേഷ് നേതൃത്വത്തിൽ നടന്നു.

- തൃത്താല നിയോക മണ്ഡലത്തിന്റെയും മണ്ഡല പരിധിയിൽ വരുന്ന 8 ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. തൃത്താല നിയോജക

മണ്ഡലത്തിന്റെ ജലബജറ്റ് റിപ്പോർട്ടും തയ്യാറാക്കി കഴിഞ്ഞു. 2024 ഫെബ്രുവരി 3 ന് ജലബജറ്റ് റിപ്പോർട്ട് പ്രകാശനം തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി. രാജേഷ് നിർവ്വഹിക്കുന്നതാണ്.

- ❖ മാർച്ച് മാസത്തിൽ കിണർ റീച്ചാർജ്ജ്, കാർഷിക കുളങ്ങൾ മറ്റ് ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീയാക്കി പ്രാഥമിക ജലസുരക്ഷ പ്രദേശമായി പ്രഖ്യാപിക്കും.
- ❖ 35 ഹെക്ടർ സ്ഥലം തരിശുകൃഷിയിലേക്ക് കൊണ്ടു വന്ന് തരിശുരഹിത ഗ്രാമം പദ്ധതി വിപുലീകരിക്കും.
- ❖ എല്ലാ സർക്കാർ സ്ഥാപനങ്ങളും ഹരിത സ്ഥാപനങ്ങളാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ദേവഹരിതം പദ്ധതിയിലേയ്ക്കുള്ള ചെടികൾ വനംവകുപ്പിൽ നിന്നും ലഭ്യമാകും.
- ❖ 2024 ജനുവരി 27ന് "സുസ്ഥിര തൃത്താല - 100 കാവുകൾ പച്ചത്തുരുത്തുകൾ" എന്ന നൂതന ഹരിത പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം.ബി രാജേഷ് നിർവ്വഹിച്ചു.
- ❖ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിലെ 6 ഹയർസെക്കണ്ടറി സ്കൂളുകളിൽ ലാബുകൾ ആരംഭിക്കും.

13.2 **മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി** - കോഴിക്കോട് ബാലുശ്ശേരി നിയോജക മണ്ഡലം എം.എൽ.എയുടെ നേതൃത്വത്തിൽ മഞ്ഞപ്പുഴ രാമൻ പുഴ സമഗ്ര വികസനത്തിനായി ഗ്രാമപഞ്ചായത്ത് തല ശിൽപശാലകൾ പൂർത്തീകരിച്ച് റിപ്പോർട്ട് പ്രവർത്തനം നടന്നുവരുന്നു. മഞ്ഞപ്പുഴ പദ്ധതിയുടെ പ്രവർത്തനങ്ങളിലൊന്നായ ജനകീയ ശുചീകരണ പ്രവർത്തനം റിപ്പോർട്ട് മാസം നടന്നു. മണ്ഡലതല ഉദ്ഘാടനം കാട്ടാംവള്ളി ചെമ്പോളിതാഴ പുഴയോരത്ത് നടന്നു. പുഴ ഒഴുകുന്ന അഞ്ചു ഗ്രാമപഞ്ചായത്തുകളിലും പുഴയോര അയൽസഭകൾ ചേർന്ന് ജനകീയമായാണ് പ്രവർത്തനം നടപ്പിലാക്കുന്നത്. പുഴ മുഴുവനായി ശുചീകരിച്ചു പുഴയുടെ ഒഴുക്ക് സുഗമമാക്കുകയാണ് ജനകീയ ശുചീകരണത്തിന്റെ ലക്ഷ്യം. വിവിധ പഞ്ചായത്തുകളിലും ജനകീയ ശുചീകരണ പ്രവർത്തനം നടന്നുവരുന്നു.

- ❖ **കാട്ടാംവള്ളി ടൂറിസം** - കോഴിക്കോട് ജില്ലയിൽ മഞ്ഞപുഴ രാമൻപുഴ സമഗ്ര വികസനത്തിന്റെ ഭാഗമായി പനങ്ങാട്, ബാലുശ്ശേരി പഞ്ചായത്തുകളുടെ ഭാഗമായ കാട്ടാംവള്ളിയിലെ ടൂറിസം സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനായി ഉന്നതതല സംഘം സ്ഥലം സന്ദർശിച്ചു. പെടൽ ബോട്ട് സർവീസ്, കയാക്കിങ്, നടപ്പാത, ഓപ്പൺ ജിം തുടങ്ങിയ സാദ്ധ്യതകൾ പരിശോധിച്ചു. ബണ്ട് കെട്ടി, എക്കൽ മാറ്റി തടാകം നിർമ്മിക്കുന്നതിനും, സ്പോട്ടിലേക്കുള്ള യാത്ര മാർഗങ്ങൾ, പാർക്കിങ് സൗകര്യങ്ങൾ തുടങ്ങിയ സാധ്യതകൾ പരിശോധിച്ചു, ഡി പി ആർ തയ്യാറാക്കുന്നതാണ്.

### 13.3 പാറക്വാറി റീചാർജ്ജ്

- ❖ കൊല്ലം ജില്ലയിലെ കരീപ്ര പാറക്വാറി റീചാർജ്ജ് വിജയകരമായ സാഹചര്യത്തിൽ പാറക്വാറികളിലെ ജലം റീചാർജ് ചെയ്ത് കൃഷി/കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപെട്ടു 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലകളിലെ വിവിധ പാറക്വാറികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ❖ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അമ്പലവയൽ ക്വാറി, കുളങ്ങൾ, ജലസേചന ആവശ്യങ്ങൾക്കും മറ്റും ഉപയോഗക്ഷമമാക്കുന്നതിനുള്ള പ്രാഥമിക ഫീൽഡ് ലെവൽ പരിശോധന അമ്പലവയൽ ഗ്രാമപഞ്ചായത്തും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും, ചെറുകിട ജലസേചന വകുപ്പും സംയുക്തമായി നടത്തി.

# ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.01.2024 വരെ 3,74,508 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.12.2023 വരെ**

| ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,70,843 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 24,071 |
| അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ഫിഷറീസ്) | 26,028 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| **ആകെ** | **3,74,508** |

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം**
**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,46,191
2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 25,491
നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,20,700

റൂഫ് - 16,862
ലിൻറിൽ - 15,169
ബേസ്മെൻറ് - 18,541
നിർമ്മാണം ആരംഭിച്ചവർ - 70,128
**ആകെ** - 1,20,700

| 2023 ഡിസംബർ വരെ | 2024 ജനുവരി മാസം | 2024 ജനുവരി വരെ |
|---|---|---|
| **3,67,867** | **6,641** | **3,74,508** |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,342
വീടും സ്ഥലവും വേണ്ടവർ - 7,018
**ആകെ** - 15,360

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,588 പേരിൽ 1,124 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. **ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | 5,65,708 |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ജനുവരി വരെ 84,062 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 9139 |
| കൊല്ലം | 33675 | 6454 |
| പത്തനംതിട്ട | 10399 | 4203 |
| ആലപ്പുഴ | 30512 | 6521 |
| കോട്ടയം | 17394 | 4609 |
| ഇടുക്കി | 26299 | 2329 |
| എറണാകുളം | 23345 | 5299 |
| തൃശ്ശൂർ | 27916 | 6249 |
| പാലക്കാട് | 57949 | 6738 |
| മലപ്പുറം | 33631 | 16197 |
| കോഴിക്കോട് | 20894 | 6514 |
| വയനാട് | 17322 | 2139 |
| കണ്ണൂർ | 12236 | 4508 |
| കാസർഗോഡ് | 14450 | 3163 |
| ആകെ | **369262** | **84062** |

| 2023 ഡിസംബർ വരെ | 2024 ജനുവരി മാസം | 2024 ജനുവരി വരെ |
|---|---|---|
| **79,990** | **4,072** | **84,062** |

**മനസ്സോടിത്തിരി മണ്ണ്** - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ജനുവരി മാസം വരെ 2863.654 സെന്റ് (28.63654 ഏക്കർ) ഭൂമി ലൈഫ് മിഷൻ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1541.987 സെന്റ് (15.41987 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി** - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി** - 27 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

- ❖ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നു. നിജസ്ഥിതി ചുവടെ ചേർക്കുന്നു.
- ❖ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.
- ❖ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 386 സ്കൂളുകളിൽ 166 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്
- ❖ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 446 സ്കൂളുകളിൽ 168 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

### തറക്കല്ലിടൽ

കണ്ണൂർ ജില്ലയിൽ 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.വി.എച്ച്.എസ്.എസ്. എടയന്നൂർ സ്കൂളിന്റെ തറക്കല്ലിടൽ ബഹു. എം.എൽ.എ കെ.കെ.ശൈലജ നിർവ്വഹിച്ചു. മലപ്പുറം ജില്ലയിൽ ജി.വി.എച്ച്.എസ്.എസ്. മമ്പാട്, ജി.എൽ.പി.എസ്. താനൂർ എന്നീ സ്കൂളുകളുടെ തറക്കല്ലിടൽ ബഹു. എം.എൽ.എ ശ്രീ.വി.അബ്ദുൾ റഹിമാൻ നിർവ്വഹിച്ചു. ആലപ്പുഴ ജില്ലയിൽ കലവൂർ ജി.എച്ച്.എസ്.എസ് സ്കൂളിന്റെ തറക്കല്ലിടൽ ബഹു. എം.എൽ.എ ശ്രീ.പി.ചിത്തരഞ്ജൻ നിർവ്വഹിച്ചു. കോഴിക്കോട് ജി.എച്ച്.എസ്.നല്ലളം, ജി.യു.പി.എസ്. വട്ടോളി എന്നീ സ്കൂളുകളുടെ തറക്കല്ലിടൽ ബഹു. മന്ത്രി ശ്രീ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. ജി.യു.പി.എസ്. ചേന്ദമംഗലം സ്കൂളിന്റെ തറക്കല്ലിടൽ ബഹു. സ്പീക്കർ ശ്രീ.എ.എൻ.ഷംസീർ നിർവ്വഹിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

### 1. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി

അടുത്ത മൂന്ന് വർഷം കൊണ്ട് ഏഴുവരെയുള്ള പ്രൈമറി ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുക എന്നതാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശം. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഉന്നതതല ശിൽപശാല വിദ്യാഭ്യാസ ഉദ്യാഗസ്ഥരുടെ ആഭിമുഖ്യത്തിൽ ജനുവരി മാസത്തിൽ നടന്നു. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിലാണ് ശില്പശാല നടന്നത്. ഭാഷാവിഷയങ്ങൾക്കായുള്ള മോഡ്യൂളിന്റെ കരട് ഈ ശില്പശാലയിലൂടെ വികസിപ്പിച്ചു.

### 2. ശിശു സൗഹൃദ ഗണിത ശാസ്ത്രപഠനം - മഞ്ചാടി

കുട്ടികൾക്ക് ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനായി കെഡിസ്കുമായി സഹകരിച്ച് മഞ്ചാടി എന്ന പദ്ധതി 72 സ്കൂളുകളിലും 28 എംആർഎസുകളിലും ആരംഭിച്ചു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളുടെ ജനുവരിയിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലയിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള അധ്യാപക പരിശീലനം നെയ്യാറ്റിൻകരയിൽ ജനുവരി 8, 9 തീയതികളിൽ നടന്നു. ഞാറനീലിക്കാണി, വെള്ളായണി എന്നീ MRSകളിലും കൂടാതെ ജി.യു.പി.എസ് വിളപ്പിൽശ്ശാല, ജി.യു.പി.എസ് ഊരൂട്ടമ്പലം, ജി. യു.പി.എസ് മലയിൻകീഴ് എന്നീ സ്ക്കൂളുകളിലും മഞ്ചാടി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. കുട്ടികൾ വളരെ താൽപര്യത്തോടും സന്തോഷത്തോടും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**കൊല്ലം:** കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിലാണ് മഞ്ചാടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കെ-ഡിസ്കുമായി സഹകരിച്ച് വളരെ ഫലപ്രദമായ നിലയിൽ

പരിപാടി നടന്നുവരുന്നു.

**പത്തനംതിട്ട** : പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര എം.ആർഎസ്സിലാണ് മഞ്ചാടി പ്രവർത്തനം നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സ്കൂളിലെ അധ്യാപകർക്കും ബി.ആർ.സിയിലെ പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്.

**ആലപ്പുഴ** : ആലപ്പുഴ ജില്ലയിലെ പരവൂർ എം.ആർ.എസിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി 19 കുട്ടികൾ പഠനം നടത്തുന്നു.

**കോട്ടയം** : ജില്ലയിലെ ഏറ്റുമാനൂർ എംആർഎസിലാണ് മഞ്ചാടി പരിപാടി നടക്കുന്നത്. മഞ്ചാടി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്.

**കോഴിക്കോട്** : കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി ക്ലസ്റ്ററിലെ 35 സ്കൂളുകൾ, കോഴിക്കോട് പ്രിസം പദ്ധതിയിലെ 7 സ്കൂൾ, 1 മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവ ചേർന്ന് ആകെ 43 സ്കൂളുകളിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. രണ്ടാം ഘട്ട അധ്യാപക പരിശീലനം രണ്ടു ദിവസങ്ങളിലായി കോഴിക്കോട് നടന്നു. ക്ലാസ്റൂം പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കണ്ണൂർ** : കണ്ണൂർ ജില്ലയിൽ 10 സ്കൂളിലാണ് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നത്. കണ്ണൂർ നോർത്ത് ഉപജില്ലയിൽ മുണ്ടേരി പഞ്ചായത്തിൽ 4 സ്കൂളുകളും, തളിപ്പറമ്പ് നോർത്ത് ഉപജില്ലയിൽ കുറുമാത്തൂർ പഞ്ചായത്തിൽ 6 സ്കൂളുകളുമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടമെന്ന നിലയിൽ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ തിരെഞ്ഞെടുത്ത 10 സ്കൂളുകളിലെ അധ്യാപകർക്ക് ദ്വിദിന റെസിഡൻഷ്യൽ ശിൽപശാല നടത്തി.

**കാസർഗോഡ്** : കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ ഒന്നാം ഘട്ട പ്രവർത്തനം പൂർത്തീകരിച്ചു. മഞ്ചാടി പ്രവർത്തനത്തിന്റെ പഠനത്തിനായി 11 സ്കൂളുകളിലെയും അർദ്ധവാർഷിക പരീക്ഷയുടെ മഞ്ചാടി പ്രോഗ്രാം നടപ്പിലാക്കിയ 113 ഉത്തരക്കടലാസും പ്രോഗ്രാം നടപ്പിലാക്കാത്ത 93 ഉത്തരക്കടലാസും ശേഖരിച്ച് എസ്.സി.ഇ.ആർ.ടിക്ക് നൽകിയിട്ടുണ്ട്.

### 3. ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

കുട്ടികളിൽ ശുചിത്വ ശീലവും ശുചിത്വബോധവും ഉളവാക്കാനും അത് ജീവിത മൂല്യങ്ങൾ ആക്കി മാറ്റാനും സഹായകമായ ക്യാമ്പയിൻ ആണ് ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതി. ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതിയുടെ ഭാഗമായി മോഡ്യൂൾ തയ്യാറാക്കുന്ന ഒരു ക്രിയേറ്റീവ് ശില്പശാല ജനുവരി 16, 17 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്നു. പൊതുവിദ്യാഭ്യാസ രംഗത്തെ വിദഗ്ധർ ശിൽപശാലയിൽ പങ്കെടുത്തു. ശിൽപശാലയിൽ തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അടുത്ത അക്കാദമിക വർഷാരംഭത്തോടെ പദ്ധതി പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്നതാണ്. നിലവിൽ ഹരിതകേരളം മിഷനുമായി സഹകരിച്ച് ജില്ലകളിലെ സാധ്യമായ വിദ്യാലയങ്ങളിലെല്ലാം പദ്ധതി ആരംഭിച്ചിട്ടുണ്ട്. 'നെറ്റ് സീറോ കാർബൺ' പദ്ധതി, 'പച്ചത്തുരുത്ത്' പദ്ധതി എന്നിവയെല്ലാം സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

### 4. ജലഗുണതാപരിശോധന ലാബുകൾ

ഹരിതകേരളം മിഷനുമായി ചേർന്ന് വിദ്യാലയങ്ങളിൽ 207 ജലഗുണതാ പരിശോധന ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ 2 ലാബുകളും പത്തനംതിട്ടയിൽ 57 ലാബുകളും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലെ NSS യൂണിറ്റുകളുടെ സഹകരണത്തോടെ 500 ടെസ്റ്റുകളെങ്കിലും ഒരു സ്കൂളിൽ നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

പൊതുവിദ്യാലയങ്ങളിലെ ജലഗുണതാ ലാബ് ടെസ്റ്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് വി.എച്ച്.എസ്.ഇ, ഹയർസെക്കന്ററി എന്നിവയുടെ എൻ.എസ്.എസ് യൂണിറ്റിലെ സംസ്ഥാനതല

ഉദ്യോഗസ്ഥരും നവകേരളം മിഷനിലേയും വിദ്യാകിരണം മിഷനിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന യോഗം 09/01/2024ൽ നവകേരളം കർമ്മ പദ്ധതി ഓഫീസിൽ വച്ച് നടന്നു. ലാബുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഹയർ സെക്കൻഡറി സ്കൂളുകൾ ക്യാമ്പയിൻ കാലയളവിൽ കുറഞ്ഞത് 500 ടെസ്റ്റ് എങ്കിലും പൂർത്തിയാക്കുന്നതിനാവശ്യമായ പ്രവർത്തന പരിപാടി തയ്യാറാക്കാനും ഇതിനായി ഹരിതകേരളം മിഷന്റെ ജില്ലാ കോർഡിനേറ്റർ വിദ്യാകിരണം മിഷന്റെ ജില്ലാ കോർഡിനേറ്റർ, വി.എച്ച്.എസ്.ഇയുടേയും, ഹയർസെക്കന്ററിയുടേയും ജില്ലയിലെ ചുമതലയുള്ള എൻ.എസ്.എസ് കോർഡിനേറ്റർമാർ എന്നിവർ സംയുക്തമായി ജില്ലകളിൽ ഇത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ നടത്താനും തീരുമാനിക്കുകയുണ്ടായി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം മിഷൻ, NSS കോർഡിനേറ്റർമാർ, അധ്യാപകർ എന്നിവരുടെ പങ്കാളിത്തത്തോടെ എല്ലാ സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളുടെയും സ്കൂൾ മേധാവികളുടെയും ഒരു സംയുക്ത യോഗം വിളിച്ചു ചേർത്ത് കാമ്പയിൻ ആസൂത്രണം ചെയ്യാനും യോഗത്തിൽ ധാരണയായിട്ടുണ്ട്.

### 5. വർണക്കൂടാരം

പ്രീപ്രൈമറി സ്കൂളുകളുടെ ഭൗതിക സാഹചര്യം വർണ്ണാഭമാക്കുന്നതിന് പ്രവർത്തന ഇടങ്ങളും ശിശുസൗഹൃദ ഫർണിച്ചറുകളും ഒരുക്കുന്നതാണ് ഈ പദ്ധതി. സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മലപ്പുറം, പത്തനതിട്ട, തൃശ്ശൂർ, വയനാട്, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആദ്യഘട്ടത്തിൽ തന്നെ പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ ജി.എൽ.പി.എസ് വിളഭാഗം സ്കൂളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിലെ വർണ്ണക്കൂടാരം പദ്ധതിയുടെ ഉദ്ഘാടനം 11/01/2024 ബഹു. എം.എൽ.എ ശ്രീ.വി.ജോയ് നിർവ്വഹിച്ചു. കൊല്ലം ജില്ലയിൽ 32 സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പുനലൂർ ഉപജില്ലയിൽ ജി.എൽ.പി.എസ് പത്തനാപുരം, കുളക്കട ഉപജില്ലയിൽ ജിഎൽപിഎസ് താഴത്തുവടക്ക് എന്നിവിടങ്ങളിൽ ജനുവരി മാസത്തിൽ പദ്ധതി ഉദ്ഘാടനം നടന്നു. ഇടുക്കി ജില്ലയിൽ 54 അംഗീകൃത പ്രീസ്കൂളുകളിൽ പദ്ധതി ആരംഭിച്ചു. ഇനി 9 സ്കൂളുകൾക്ക് മാത്രമാണ് ഫണ്ട് ലഭിക്കാനുള്ളത്. പാലക്കാട് ജില്ലയിൽ 2021-22ൽ 13 സ്കൂളുകളിലും, 2022-23ൽ 39 സ്കൂളുകളിലും വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023-24ൽ 41 സ്കൂളുകളിൽ കൂടി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ 31 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ 33 സ്കൂളുകളിൽ വർണ്ണക്കൂടാരം പദ്ധതി ആരംഭിച്ചു. കാസർഗോഡ് ജില്ലയിൽ 2022-23 വർഷത്തിൽ 21 സ്കൂളുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

### 6. ജില്ലകളിലെ തനത് പ്രവർത്തനങ്ങൾ

കുഞ്ഞിക്കൈകളും കുട്ടിപ്പെൻസിലും, വർണ്ണത്തൂവൽ എന്നീ സംയുക്ത ഡയറികൾ പാലക്കാട് ജില്ലയിലും വർണ്ണച്ചിറകുകൾ മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും പ്രസിദ്ധീകരിച്ചു.

ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പരിപാടിയായി കോട്ടയം ജില്ലയിൽ ഈസ്റ്റ് ബി ആർ സിയിൽ പാരഗൺ പ്രൈവറ്റ് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ മുതൽ മുടക്കുള്ള പുതിയ ഓട്ടിസം സെന്ററിന്റെ നിർമ്മാണം ആരംഭിച്ചു. ജില്ലയിലെ 13 ബി ആർ സി കളിലും ഓട്ടിസം സെന്റർ പ്രവർത്തിക്കുന്നു. ഭിന്നശേഷികുട്ടികൾക്കുള്ള ജില്ലാതല കായികോത്സവം ബഹു.ജില്ലാ കളക്ടർ ശ്രീമതി.വി.വിഘ്നേശ്വരി 30.01.2024-ന് ഉദ്ഘാടനം ചെയ്തു. മുന്നൂറോളം ഭിന്നശേഷി വിദ്യാർത്ഥികൾ വിവിധ കായിക മത്സരങ്ങളിൽ പങ്കെടുത്തു.

കാഴ്ചപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്ന "BEATS" കോഴിക്കോട് എന്നപദ്ധതി ജില്ലയുടെ തനത് പരിപാടിയാണ്. 100 വിദ്യാർത്ഥികൾക്ക് 10 ദിവസം വീതം വിവിധ കേന്ദ്രങ്ങളിലായി നീന്തൽ പരിശീലനം പൂർത്തിയായി വരുന്നു. ജില്ലാ വിദ്യാഭ്യാസ സമിതയുടെ നേതൃത്വത്തിൽ SEASന്റെ ഫലം വിശകലനം ചെയ്തു. ഇതിന്റെ ഭാഗമായി

അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കിയിട്ടുണ്ട്. ഒന്ന്, രണ്ട് ക്ലാസുകളിൽ ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും 'സംയുക്ത ഡയറി പ്രസിദ്ധീകരിച്ചു. വായനയെ പ്രോത്സാഹിപ്പിക്കുന്ന ബഡ്ഡിംഗ് റൈറ്റേർസ്, ശാസ്ത്രോത്സവം, ഗണിതോത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കി വരുന്നു.

സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം - പാർശ്വവൽകൃത മേഖലകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പഠനപോഷണ പരിപാടിയുടെ ഭാഗമായി വയനാട് ജില്ലയിൽ സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം നടപ്പാക്കി വരുന്നു. പദ്ധതിയുടെ ആദ്യഘട്ടപ്രവർത്തനങ്ങൾ ജനുവരി മാസത്തോടെ എല്ലാ വിദ്യാലയങ്ങളിലും പൂർത്തീകരിച്ചു. വ്യത്യസ്ത പഠനപോഷണ പരിപാടികൾ, രക്ഷാകർതൃ ശാക്തീകരണം, അടിസ്ഥാന സൗകര്യ വികസനം, പദ്ധതി പുരോഗതിയുടെ ഡോക്യുമെന്റേഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് നിർദ്ദേശിച്ചത്.

സാഹിത്യ ശിൽപശാലകൾ, ഗണിത പഠന ക്യാമ്പുകൾ, ശാസ്ത്ര സഹവാസ ക്യാമ്പുകൾ, തിയേറ്റർ ക്യാമ്പുകൾ, ചിത്രരചനാ ക്യാമ്പുകൾ, കരകൗശല നിർമാണ ശിൽപശാലകൾ, രക്ഷാകർതൃ ബോധവൽക്കരണ പരിപാടികൾ, പഠന യാത്രകൾ തുടങ്ങി വ്യത്യസ്ത പരിപാടികളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.

കരിയർ കാരവൻ പദ്ധതി ഹയർസെക്കണ്ടറി കരിയർ ഗൈഡൻസ് വിഭാഗം വയനാട് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പാക്കി. ജനുവരി മാസത്തിൽ ജില്ലയിലെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലെയും കുട്ടികൾക്ക് കരിയർ മാർഗനിർദ്ദേശ ക്ലാസുകൾ ലഭ്യമാക്കി വാഹനത്തിൽ ജില്ലയിലെ എല്ലാ ഹൈസ്കൂളുകളും സന്ദർശിച്ച് കരിയർ ഗൈഡൻസ് ടീം വീഡിയോ പ്രസന്റേഷന്റെ സഹായത്തോടെ കുട്ടികൾക്ക് മികച്ച കരിയർ മാർഗനിർദ്ദേശ ക്ലാസുകൾ നൽകുകയും സംശയ നിവാരണം നടത്തുകയും ചെയ്തു.

ശാസ്ത്രം-ഗണിതം പരിശീലനങ്ങൾ കണ്ണൂർ ജില്ലയിൽ യു.പി ക്ലാസിലെ വിദ്യാർത്ഥികളുടെ ശാസ്ത്രപഠനം ക്രിയാത്മകമാക്കുന്നതിനായി സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ സയൻസ് ഫെസ്റ്റ് 2023-24 സംഘടിപ്പിച്ചു. ശാസ്ത്രപഠനം അന്വേഷണാത്മകവും പ്രവർത്തനാധിഷ്ഠിതവുമാക്കി കുട്ടികളുടെ പരിപൂർണ പങ്കാളിത്തം ഉറപ്പിക്കുകയാണ് ഇതു വഴി ലക്ഷ്യമാക്കുന്നത്. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്വേഷണാത്മമായി ചെയ്യുന്നതിനുതകുന്ന രീതിയിലായതിനാൽ വിദ്യാർത്ഥികളിൽ അവ ബോധം സൃഷ്ടിക്കുവാനും ഈ പരിപാടിയിലൂടെ സാധിക്കുന്നു. യു.പി വിഭാഗം കുട്ടികളുടെ ഗണിത പഠനശേഷി പരിപോഷിപ്പിക്കുന്നതിനായി MENMA. (MATHEMATICS EMPOWERMENT FOR NURTURING MATHEMATICAL CAPACITIES THROUGH ACADEMIC MASTER PLAN) എന്ന പരിപാടി സമഗ്ര ശിക്ഷകേരളയുടെ നേതൃത്വത്തിൽ നടപ്പാക്കി.

സ്മൈൽ പദ്ധതി കണ്ണൂർ ജില്ലാപഞ്ചായത്ത് പത്താം ക്ലാസ്സ്, പ്ലസ് ടു വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർധിപ്പിക്കുന്നതിനും കണ്ണൂർ ജില്ലാ പഞ്ചായത്തുമായി ചേർന്ന് സ്മൈൽ (SMILE) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 10-ാം ക്ലാസ്സ്, പ്ലസ് ടു കുട്ടികളുടെ പഠനം സഹായകമാക്കുന്നതിനുള്ള ചോദ്യോത്തരങ്ങൾ പ്രിൻ്റ് ചെയ്തു നൽകി.

ആലപ്പുഴ ജില്ലയിൽ ബഡ്ഡിംഗ് റൈറ്റേഴ്സ് അധ്യാപക പരിശീലനം സംഘടിപ്പിച്ചു. അപ്പർ പ്രൈമറി സെക്കൻഡറി വിഭാഗം വിദ്യാർഥികളിൽ സ്വതന്ത്ര വായനയും സർഗാത്മക രചനയും പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര ശിക്ഷ കേരളം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ബഡ്ഡിംഗ് റൈറ്റേഴ്സ്. ഇതിന്റെ ഭാഗമായി ചെങ്ങന്നൂർ ബിആർസിയുടെ നേതൃത്വത്തിൽ ഉപജില്ലയിലെ മുഴുവൻ യുപി, എച്ച് എസ്, എച്ച്എസ്എസ് വിദ്യാലയങ്ങളിലെയും അധ്യാപകർക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു. അധ്യാപകർ വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പരിശീലനത്തെ കൂടുതൽ ക്രിയാത്മകമാക്കി. ബഡ്ഡിംഗ് റൈറ്റേഴ്സ് പദ്ധതിയുടെ

ഭാഗമായി യുപി സ്കൂളുകൾക്ക് 6000 രൂപ വീതവും ഹൈസ്കൂൾ ഹയർസെക്കൻഡറി സ്കൂളുകൾക്ക് 10000 രൂപ വീതവും പുസ്തകങ്ങൾ വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിരുന്നു. സമഗ്ര ശിക്ഷാ കേരള ആലപ്പുഴയുടെ നേതൃത്വത്തിൽ പുസ്തകമേളകൾ സംഘടിപ്പിച്ച് കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

കാസർഗോഡ് ജില്ലയിൽ IDEA-23 എന്ന പരിപാടി സംഘടിപ്പിച്ചു. ഒന്നാംവർഷ ഹയർസെക്കൻഡറി കോമേഴ്സ് വിഭാഗം വിദ്യാർത്ഥികൾക്ക് നൂതന പദ്ധതിയായ ഐഡിയ 23-24 ബി ആർ സി തല പരിശീലനം 04/01/2024 - 06/01/2024 വരെ മൂന്ന് ദിവസങ്ങളിലായി നടക്കാവ് വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ കേരളം നേരിടുന്ന അതിരൂക്ഷമായ പ്രശ്നമാകുന്ന സാഹചര്യത്തിൽ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ പ്രാദേശിക വിഭവങ്ങളും സാധ്യതകളും കണ്ടെത്തി പുത്തൻ സംരംഭങ്ങൾ സൃഷ്ടിച്ചെടുത്ത് അതിലൂടെ വരുമാനം നേടി സാമ്പത്തിക സുരക്ഷ കൈവരിക്കാനും ജീവിതവിജയം നേടാനും പ്രാപ്തരാക്കുക എന്നതാണ് ഐഡിയ-23 ലക്ഷ്യം ഇടുന്നത്.

ഫാം കാർണിവൽ പദ്ധതി ഭിന്നശേഷി മാസാചരണത്തിന്റെ ഭാഗമായി ജനുവരി 4 മുതൽ 14 വരെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം കാർണിവലിനോട് അനുബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനവും, ഭിന്നശേഷി കുട്ടികൾ തയ്യാറാക്കിയ രചനകൾ, ചിത്രങ്ങൾ മറ്റ് ഉൽപന്നങ്ങൾ തുടങ്ങി മികവുറ്റ പ്രദർശനവും സംഘടിപ്പിച്ചു. പ്രദർശന നഗരിയിൽ ഭിന്നശേഷി കുട്ടികളുടെ കലാപരിപാടികളും സംഘടിപ്പിച്ചു.

ബഡ്ഡിംഗ് റൈറ്റേഴ്സ് പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ വായനാക്കൂട്ടം, എഴുത്തുകൂട്ടം എന്നിവ രൂപവൽക്കരിച്ച് പുസ്തക ചർച്ച, ആസ്വാദനക്കുറിപ്പെഴുത്ത്, രചനാ ശിൽപ്പശാല, എഴുത്തുകാരുമായി സംവാദം, മികച്ച വായനക്കാരായ കുട്ടികൾക്ക് വായന പ്രതിഭാ പുരസ്കാരം, ഗ്രന്ഥശാലകളിൽ കുട്ടി വായനക്കാർക്ക് അംഗത്വക്കാർഡ് വിതരണം, സാഹിത്യ യാത്രകൾ, സാഹിത്യകൃതികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം, രക്ഷിതാക്കളുടെ സഞ്ചരിക്കുന്ന എഴുത്തുപുസ്തകം, ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടുള്ള പരിപാടികൾ തുടങ്ങിയവയാണ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ സഹകരണത്തോടെ ആസൂത്രണം ചെയ്തിരിക്കുന്നത്.

## 7. ജില്ലാ വികസന സമിതി യോഗങ്ങൾ

നിർമ്മാണ ഏജൻസികളുടെ പ്രിതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കളക്ടർമാരുടെ അധ്യക്ഷതയിൽ നടക്കുന്ന ജില്ലാ വികസനസമിതി യോഗങ്ങൾ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. 27/01/2024ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലും ജനുവരി 31ന് കോഴിക്കോടും ജില്ലാ വികസന സമിതി യോഗങ്ങൾ നടന്നു.

## 8. മിഷൻ അവലോകന യോഗങ്ങൾ

കൊല്ലം ജില്ലയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടക്കുന്ന സ്കൂളുകളുടെ പ്രഥമാധ്യാപകരെയും പ്രിൻസിപ്പാൾമാരെയും കില പ്രതിനിധികളെയും ഉൾപ്പെടുത്തി വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ചു. ദൈനംദിന പ്രവർത്തനങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും തുടർപ്രവർത്തനങ്ങൾക്കും ഈ കൂട്ടായ്മ വലിയ പ്രയോജനം ചെയ്യുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ, എസ്.പി.വികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം കളക്ടറുടെ അധ്യക്ഷതയിൽ 2024 ജനുവരി 11-ന് കളക്ടറേറ്റിൽ കൂടി. എല്ലാ നിർമാണ ഏജൻസികളും പങ്കെടുത്തു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 0 | 5 |
| **ആകെ** | **43** | **12 (25%)** | **19** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 48 (63%) | 13 |
| രണ്ടാം ഘട്ടം | 75 | 8 (10%) | 22 |
| **ആകെ** | **151** | **56 (37%)** | **35** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 429 (85%) | 21 |
| മൂന്നാം ഘട്ടം | 212 | 68 (32%) | 41 |
| **ആകെ** | **886** | **663 (75%)** | **63** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/01/24 മുതൽ 31/01/24 വരെ 71,522 (0.4%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 5,288 (7.4%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 7,771 (11%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 345 (0.5%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 1,102 (1.5%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 5,772 (8%) പേരുടേയും പ്രമേഹം മാത്രമുള്ള 4,312 (6%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 1,803 (2.5%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതുവരെ ജീവിതശൈലീ രോഗസാധ്യത കണ്ടെത്തിയ 27,87,637 പേരെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീൻ ചെയ്തതിലൂടെ പുതിയതായി 7,02,864 (ആകെ പരിശോധിച്ചവരിൽ 30%) പേർക്ക്

രക്താതിമർദ്ദവും 61,211 (ആകെ പരിശോധിച്ചവരിൽ 2.6%) പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

- ❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയും പത്തനംതിട്ട ജില്ലയും മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവ്വേ പൂർത്തിയാക്കി.
- ❖ വർഷികാരോഗ്യ പരിശോധനാ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി എൻ.സി.ഡി ഡിവിഷൻ, ആർദ്രം മിഷൻ, ടിബി ഡിവിഷൻ, ഫാമിലി വെൽഫയർ ഡിവിഷൻ, ഇഹെൽത്ത് പ്രോജക്റ്റ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് രണ്ട് ശില്പശാലകൾ നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.
- ❖ രണ്ടാം ഘട്ട സർവ്വേയ്ക്കായി ശൈലി ആപ്പിലും ഡാഷ്ബോർഡിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ഇഹെൽത്തുമായി ചർച്ച നടത്തി.
- ❖ രണ്ടാം ഘട്ട സർവ്വേയുടെ ഭാഗമായുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസിക രോഗം, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്താനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
- ❖ രണ്ടാം ഘട്ട സർവ്വേ 2024 ഫെബ്രുവരി പതിനഞ്ചാം തീയതിയോടെ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ, 01/01/24 മുതൽ 31/01/24 വരെ 71,522 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 5,288 (7.4%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.
- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ചു ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ചു ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.
- ❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ വഴി ജനുവരി മാസത്തിൽ 201 വ്യക്തികളുടെ കൂടി പരിശോധന പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന പരിശോധനകളുടെ എണ്ണം 47,143 ആയി.
- ❖ കാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയും ചികിത്സയും വിധേയമാക്കാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

### 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- ❖ എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും (ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ ഒഴികെ) ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR പരിശോധന, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- ❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും കോട്ടയം ജില്ലയിൽ എഎംആർ, കാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും ഇതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു.

- ❖ ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.
- ❖ ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.
- ❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള മാർഗരേഖ സർക്കാർ ഉത്തരവായി പുറത്തിറങ്ങിയിട്ടുണ്ട്.

### 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ ഡിപാർട്ട്മെന്റിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി.യിലും എം.സി.സി.യിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുവാൻ തീരുമാനമായി. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭ്യമാക്കുവാൻ സാധിക്കും.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായുള്ള കണക്ക് പ്രകാരം 01/01/24 മുതൽ 31/01/24 വരെ 71,522 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ, 430 കിടപ്പുരോഗികളും 661 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 17,075 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) നുള്ള പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് ആരംഭിക്കുന്നത്.
- ❖ സംസ്ഥാനത്ത് ജനുവരി 15 പാലിയേറ്റീവ് കെയർ ദിനത്തോടനുബന്ധിച്ച് 'ഞാനുമുണ്ട് പരിചരണത്തിന്' എന്ന പേരിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന പാലിയേറ്റീവ് കെയർ ക്യാമ്പയിൻ സംഘടിപ്പിച്ചു. സമൂഹത്തിലെ എല്ലാവരും അവരുടെ ചുറ്റുമുള്ള കിടപ്പ് രോഗികൾക്ക് വേണ്ടി അവരാൽ കഴിയുന്ന വിധം സാന്ത്വന പരിചരണ സേവനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്തവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് -ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കി. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്.
- സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.

### 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 32 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 10 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 40 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |

### 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത

ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.
- ❖ ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ് ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
- ❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവന4ക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- ജനുവരി - ഫെബ്രുവരി മാസത്തെ ജില്ലാ കളക്ടർമാറുടെ അവലോകന യോഗം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 51 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- ജനുവരി മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 23 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ജനുവരി മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 729 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1950 യോഗങ്ങൾ ജനുവരി മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 590 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 436 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 233 യോഗങ്ങളും, നീരുറവിനായി 83 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 94 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 65 ജില്ലാ തല യോഗങ്ങളും 137 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 1093 തദ്ദേശ സ്വയംഭരണ യോഗങ്ങളും 657 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ജനുവരി മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 4604 ജനപ്രതിനിധികളും 7098 ഉദ്യോഗസ്ഥരും, 12627 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 24339 പേർ ജനുവരി മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 150 ശില്പശാലകൾ നടത്തുകയും ആയതിൽ 4281 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 58 പരിശീലനങ്ങൾ ജനുവരി മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 3059 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജനുവരി മാസത്തിൽ 2682 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 12849 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ജനുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം

ജനുവരി മാസത്തിലെ പ്രവർത്തനം

| സ്കീം/ പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറ്റുടെ ജില്ലാ യോഗം | 5 | 0 | 0 | 0 | 0 | 5 | 0 | 51 | 0 | 51 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 2 | 3 | 23 | 2 | 0 | 30 | 206 | 201 | 617 | 1024 | 4 | 508 | 0 | 0 | 0 | 0 |
| മാലിന്യ സംസ്കരണം | 32 | 50 | 263 | 32 | 59 | 436 | 1736 | 2093 | 5251 | 9080 | 62 | 1294 | 19 | 1189 | 256 | 5962 |
| ഹരിത വിദ്യാലയം | 1 | 7 | 56 | 13 | 156 | 233 | 313 | 615 | 1418 | 2346 | 10 | 142 | 12 | 747 | 289 | 1369 |
| ഹരിത ഓഫീസ് | 3 | 19 | 238 | 22 | 308 | 590 | 424 | 1378 | 403 | 2205 | 8 | 102 | 2 | 87 | 1079 | 809 |
| ഹരിത ടൂറിസം | 4 | 7 | 32 | 3 | 1 | 47 | 222 | 293 | 231 | 746 | 2 | 37 | 6 | 156 | 61 | 196 |
| മാപത്തോൺ | 0 | 0 | 13 | 0 | 0 | 13 | 82 | 68 | 162 | 312 | 0 | 0 | 0 | 0 | 62 | 64 |
| ജല ബജറ്റ് | 0 | 14 | 82 | 3 | 4 | 103 | 314 | 303 | 494 | 1111 | 7 | 154 | 0 | 0 | 185 | 553 |
| നീരുറവ് | 2 | 13 | 62 | 4 | 2 | 83 | 154 | 291 | 143 | 588 | 1 | 83 | 1 | 55 | 120 | 190 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 1 | 4 | 22 | 0 | 0 | 27 | 39 | 213 | 23 | 275 | 0 | 0 | 0 | 0 | 54 | 23 |
| നെറ്റ് സീറോ കാർബൺ | 1 | 1 | 41 | 5 | 12 | 60 | 358 | 375 | 1262 | 1995 | 11 | 1110 | 11 | 515 | 95 | 1328 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 0 | 0 | 23 | 1 | 10 | 34 | 108 | 123 | 185 | 416 | 0 | 0 | 4 | 82 | 33 | 174 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 2 | 0 | 42 | 5 | 7 | 56 | 205 | 150 | 856 | 1211 | 8 | 569 | 0 | 0 | 121 | 121 |
| പച്ചത്തുരുത്ത് | 0 | 4 | 42 | 1 | 17 | 64 | 89 | 146 | 384 | 629 | 2 | 40 | 0 | 0 | 201 | 239 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 5 | 2 | 32 | 3 | 69 | 111 | 175 | 467 | 591 | 1233 | 34 | 200 | 1 | 86 | 84 | 483 |
| തനതു പ്രവർത്തനം | 7 | 13 | 23 | 5 | 12 | 58 | 179 | 331 | 607 | 1117 | 1 | 42 | 2 | 142 | 42 | 1338 |
| ആകെ | 65 | 137 | 994 | 99 | 657 | 1950 | 4604 | 7098 | 12627 | 24339 | 150 | 4281 | 58 | 3059 | 2682 | 12849 |